/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2024 ജനുവരി ▪ പുസ്തകം 10 ▪ ലക്കം 6

# ഓഫീസുകളിലേക്ക് ഓടിത്തളരേണ്ട

കെ സ്മാർട്ടിലൂടെ തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാകുന്ന ആദ്യ സംസ്ഥാനമാവുകയാണ് കേരളം.



നവ കേരള സദസ്സ്

ജില്ലകളിലൂടെ



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 ജനുവരി 1 • പുസ്തകം 10 • ലക്കം 6

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ്  അഡീഷണൽ എഡിറ്റർ സലിൻ മാങ്കുഴി
ഡെപ്യൂട്ടി എഡിറ്റർ കെ പി സരിത  എഡിറ്റർ-ഇൻ-ചാർജ് കെ എസ് ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ  സർക്കുലേഷൻ ഓഫീസർ മെർലിൻ ജെ എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ)  ടൈപ്പ് സെറ്റിങ്ങ് വിനിത വി എസ്

എഡിറ്റോറിയൽ >>

# മികവിന്റെ മറ്റൊരു മാതൃകകൂടി



ഇ-ഭരണത്തിൽ രാജ്യത്തിനാകെ മാതൃകയാം വിധം കേരളം ഏറെ മുന്നോട്ടുപോയിക്കഴിഞ്ഞിരിക്കുന്നു. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഇ-സേവനം പോർട്ടലും എം-സേവനം മൊബൈൽ ആപ്ലിക്കേഷനും വ്യവസായവകുപ്പിലെ ഏകജാലക ക്ലിയറൻസ് സംവിധാനമായ കെ-സ്വിഫ്റ്റ്, ഇ-ഹെൽത്ത്, ഡിജിറ്റൽ സർവെ, സമ്പൂർണ്ണ ഇ- ഓഫീസ് സംവിധാനം ഇവയെല്ലാം തിളങ്ങുന്ന ഉദാഹരണങ്ങളാണ്. ഒടുവിലിതാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സേവനം പൂർണ്ണമായും ഓൺലൈനാകുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്ന കെ- സ്മാർട്ട് ഏകീകൃത പ്ലാറ്റ്ഫോമും പുതുവർഷദിനത്തിൽ യാഥാർഥ്യമായിരിക്കുന്നു. കെ-സ്മാർട്ട് മൊബൈൽ ആപ്പും വികസിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഓഫീസ് കയറിയിറങ്ങാതെ എല്ലാ സേവനങ്ങളും കെ-സ്മാർട്ട് മുഖേന നേടാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഉദ്യോഗസ്ഥതലത്തിലെ അഴിമതി എന്ന ജനവിരുദ്ധതയ്ക്ക് തടയിടാനും ഇതുവഴി കഴിയും. തദ്ദേശസ്വയംഭരണവകുപ്പിനുവേണ്ടി കെ-സ്മാർട്ട് വികസിപ്പിച്ച ഇൻഫർമേഷൻ കേരള മിഷനെ ഈ മാതൃകയിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ ഇതിനകം നാല് സംസ്ഥാനങ്ങൾ സമീപിച്ചുവെന്നതും അഭിമാനകരമാണ്. കേരളത്തിന്റെ മറ്റൊരു മികവുറ്റ ദേശീയ മാതൃകയായ കെ-സ്മാർട്ടിനെ ഈ ലക്കം സമകാലിക ജനപഥത്തിലൂടെ അറിയാം.

വൃത്തിയും വെടിപ്പുമുള്ള ഒരു മാലിന്യമുക്ത നവകേരളം സൃഷ്ടിക്കുക സംസ്ഥാന സർക്കാരിന്റെ സുപ്രധാനലക്ഷ്യങ്ങളിലൊന്നാണ്. 2024 മാർച്ചോടുകൂടി ഈ ലക്ഷ്യം കൈവരിക്കാനൊരുങ്ങുമ്പോൾ ഈ രംഗത്തെ ഏതാനും മികവിന്റെ മാതൃകകളെ പരിചയപ്പെടുത്തട്ടെ.

നാടെങ്ങും ആവേശമുണർത്തുന്ന വിപുലമായ ജനപങ്കാളിത്തത്താൽ ശ്രദ്ധേയമായ നവകേരളസദസ്സിന്റെ ജില്ലകളിൽനിന്നുള്ള ദൃശ്യങ്ങളും ഈ ലക്കത്തിന്റെ സവിശേഷതയാണ്.

ടി.വി. സുഭാഷ് ഐ.എ.എസ്
എഡിറ്റർ


2024 JANUARY 1  VOLUME 10  ISSUE 6  E-MAIL : prdmalayalam@gmail.com  WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇ-മെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇ-മെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

/samakalikajanapadham/  /prd.kerala.gov.in/publications




6 പുതുവത്സരം
പ്രത്യാശയുടെ പുതുകിരണങ്ങൾ
പിണറായി വിജയൻ

8 കെ സ്മാർട്ട്
സേവനങ്ങൾ സ്മാർട്ട് സുതാര്യം
എം ബി രാജേഷ്

12 ഓഫീസുകളിലേക്ക് ഓടിത്തളരേണ്ട









48 ടൂറിസം
ഹെലി ടൂറിസം പറന്നുയരാം, കാണാം സുന്ദരകേരളത്തെ

വർക്കലയിൽ ഫ്ളോട്ടിങ്ങ് ബ്രിഡ്ജ്




16 മാലിന്യമുക്ത കേരളം
വൃത്തിയുള്ള നവകേരളത്തിലേക്ക്
സുഹാന ആർ.എച്ച്

20 മികവിന്റെ മാതൃകകൾ

50 ഗാന്ധിസ്മൃതി
ഗാന്ധിജിയുടെ മതവും മതേതരത്വവും
കെ.സച്ചിദാനന്ദൻ




വര: വി എസ് പ്രകാശ്



നവ കേരള സദസ്സ്
ജനകീയ മന്ത്രിസഭ ജനങ്ങൾക്കൊപ്പം

# ജില്ലകളിലൂടെ

# പുതുചരിത്രം ഈ ജനകീയ സംവാദയാത്ര


25 **കാസർഗോഡ്** സപ്തഭാഷാ സംഗമഭൂമിയിൽ തുടക്കം

26 **കണ്ണൂർ** നാടിന്റെ സ്നേഹോഷ്മളതയിൽ

27 **വയനാട്** മഴയിലും തോരാത്ത ആവേശം

28 **കോഴിക്കോട്** ചരിത്രഭൂമിയുടെ മനം നിറച്ച്

30 **മലപ്പുറം** സ്ത്രീകളുടെയും കുട്ടികളുടെയും വൻപങ്കാളിത്തം

32 **പാലക്കാട്** കരുതലും സാന്ത്വനവും

34 **തൃശൂർ** ഒരേ മനസ്സോടെ

36 **എറണാകുളം** സമഗ്രവികസനത്തിന്റെ സാക്ഷ്യമായി

38 **ഇടുക്കി** മലയോരത്തിന്റെ മനസ്സറിഞ്ഞ്

39 **കോട്ടയം** ജില്ലയ്ക്കിത് നവ്യാനുഭവം

40 **ആലപ്പുഴ** ഉത്സാഹഭരിതരായി പ്രതീക്ഷയോടെ ജനാവലി

42 **പത്തനംതിട്ട** വികസനത്തിളക്കത്തിൽ സംതൃപ്തരായി

44 **കൊല്ലം** തൊഴിൽമേഖലയുടെ ഐക്യദാർഢ്യം

46 **തിരുവനന്തപുരം** തലസ്ഥാനജില്ലയുടെ മനസ്സ് കീഴടക്കി സമാപനം



# പ്രത്യാശയുടെ പുതുകിരണങ്ങൾ

**കേരളത്തെയും കേരളീയരെയും സംബന്ധിച്ചിടത്തോളം നവകേരള സൃഷ്ടി കൂടുതൽ ഊർജിതമായി മുന്നോട്ടു കൊണ്ടുപോകും എന്ന് പ്രതിജ്ഞയെടുക്കാനുള്ള ഘട്ടമാണ് ഈ പുതുവത്സരപ്പിറവി**

പുതിയ ഒരു വർഷത്തിലേക്ക് നമ്മൾ കടക്കുകയാണ്. ഓരോ പുതിയ വർഷവും കഴിഞ്ഞുപോയ വർഷത്തിലേക്കു തിരിഞ്ഞുനോക്കാനും അതിൽ നിന്ന് ആർജിച്ച അറിവുകളുടെയും അനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ വരുന്ന വർഷം എപ്രകാരമായിരിക്കണമെന്ന് തീരുമാനിക്കാനും ഉള്ള അവസരമാണ്. കേരളത്തെയും കേരളീയരെയും സംബന്ധിച്ചിടത്തോളം നവകേരള സൃഷ്ടി കൂടുതൽ ഊർജിതമായി മുന്നോട്ടു കൊണ്ടുപോകും എന്ന് പ്രതിജ്ഞയെടുക്കാനുള്ള ഘട്ടമാണ് ഈ പുതുവത്സരപ്പിറവി.

പല നിലകളിൽ കേരളം വലിയ നേട്ടങ്ങൾ കൊയ്ത വർഷമാണ് കടന്നുപോകുന്നത്. രാജ്യത്തെ ആദ്യത്തെ വാട്ടർമെട്രോയും ഡിജിറ്റൽ സയൻസ് പാർക്കും നമ്മൾ യാഥാർഥ്യമാക്കിയത് ഇക്കഴിഞ്ഞ വർഷമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ അന്താരാഷ്ട്ര ഷിപ്പിങ്ങ് ടെർമിനലാകാൻ പോകുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചത് കഴിഞ്ഞ വർഷമാണ്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ജി എസ് ഡി പി നിരക്കിലേക്കും പ്രതിശീർഷ വരുമാന നിരക്കിലേക്കും നമ്മൾ എത്തിയത് ഇക്കഴിഞ്ഞ വർഷമാണ്.

വലിയ സാമ്പത്തിക വളർച്ച കൈവരിക്കുമ്പോഴും അതിദാരിദ്ര്യ നിർമ്മാർജനത്തിനുള്ള പ്രത്യേക പദ്ധതിയുടെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കിക്കൊണ്ട് സാധാരണക്കാരോടും പാവപ്പെട്ടവരോടുമൊപ്പമാണ് കേരളം എന്നു വ്യക്തമാക്കിയ വർഷത്തിനാണ് അവസാനമായിരിക്കുന്നത്.
കേരളത്തിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും



കൂടുതൽ പട്ടയങ്ങൾ, വീടുകൾ, ക്ഷേമപെൻഷനുകൾ എന്നിവ വിതരണം ചെയ്യപ്പെട്ട വർഷമാണ് കടന്നുപോയിരിക്കുന്നത്. ഇക്കഴിഞ്ഞ വർഷം തന്നെയാണ് രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ, ആരോഗ്യ, സേവന രംഗങ്ങളുള്ള സംസ്ഥാനമായി നമ്മൾ വിലയിരുത്തപ്പെട്ടത്. മികച്ച ക്രമസമാധാനനില, വർഗീയ സംഘർഷങ്ങളുടെ അഭാവം, ഏറ്റവും കുറഞ്ഞ അഴിമതി എന്നീ കാരണങ്ങൾ കൊണ്ടും കേരളം രാജ്യത്തിനാകെ മാതൃകയായി നിലകൊണ്ട വർഷമാണ് കടന്നുപോയിരിക്കുന്നത്.

ഇന്ത്യയിലെ മികച്ച തൊഴിൽ സേനയുള്ളതും തൊഴിൽ സാഹചര്യമുള്ളതും തൊഴിലിനായി ഇന്ത്യയിലെ ചെറുപ്പക്കാർ ഏറ്റവുമധികം താൽപര്യപ്പെടുന്നതുമായ ഇടമായി കേരളം വിലയിരുത്തപ്പെട്ടതും ഇക്കഴിഞ്ഞ വർഷമാണ്. ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള താലൂക്കുതല അദാലത്തുകളും, വികസന-ക്ഷേമ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താനുള്ള മേഖലാതല അവലോകന യോഗങ്ങളും നടത്തപ്പെട്ടത് കഴിഞ്ഞ വർഷമാണ്. കേരളത്തിന്റെ നേട്ടങ്ങൾ ലോകവുമായി പങ്കുവയ്ക്കാനും ലോകത്തിൽ നിന്ന്

**ഭരണനിർവഹണത്തെ കൂടുതൽ ജനകീയവും കാര്യക്ഷമവും ആക്കാൻ കഴിയുമെന്നു കേരളം രാജ്യത്തിനാകെ കാട്ടിക്കൊടുത്ത വർഷമാണ് കടന്നുപോയിരിക്കുന്നത്**

കേരളത്തിനു പഠിക്കാനുമായി നടത്തപ്പെട്ട കേരളീയം മഹോത്സവം, ജനങ്ങളുമായി സംവദിക്കാനായി സംസ്ഥാന മന്ത്രിസഭ ഒന്നടങ്കം ഈ നാടിന്റെ എല്ലാ മുക്കിലും മൂലയിലും ചെന്നെത്തുന്ന നവകേരള സദസ്സ് തുടങ്ങിയവ നടത്തപ്പെട്ടതും ഇക്കഴിഞ്ഞ വർഷമാണ്.

അത്തരം മുൻകൈകളിലൂടെ ഭരണനിർവഹണത്തെ കൂടുതൽ ജനകീയവും കാര്യക്ഷമവും ആക്കാൻ കഴിയുമെന്നു കേരളം രാജ്യത്തിനാകെ കാട്ടിക്കൊടുത്ത വർഷമാണ് കടന്നുപോയിരിക്കുന്നത്. എന്നാൽ, ഇവയുടെയൊക്കെ നടുവിലും വലിയ വെല്ലുവിളികളെ നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. മുൻവർഷങ്ങളിൽ പ്രകൃതിയാണ് വെല്ലുവിളികൾ ഉയർത്തിയതെങ്കിൽ കഴിഞ്ഞ വർഷം നമ്മൾ നേരിടേണ്ടി വന്നത് പ്രധാനമായും മനുഷ്യനിർമ്മിതമായ വെല്ലുവിളികൾ ആയിരുന്നു. നിയമസഭ പാസ്സാക്കുന്ന ബില്ലുകൾ നിയമമാകാതെ ഇരിക്കാനായി പിടിച്ചുവെക്കപ്പെടുന്നതും സംസ്ഥാനത്തെ സർവകലാശാല കളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവയുമായി ആലോചിക്കാതെ തീരുമാനങ്ങൾ എടുക്കപ്പെടുന്നതും എല്ലാം അതിന്റെ ഭാഗമാണ്.

അവയുടെ ഇടയിൽ നിന്ന് കേരളത്തെ വിടുവിക്കാൻ ശ്രമിക്കുമ്പോൾ തന്നെ ആ പ്രക്രിയയിൽ ഇന്ത്യയുടെ ഭരണഘടനാപരമായ സവിശേഷതയായ ഫെഡറൽ ഘടനയെ സംരക്ഷിക്കാനും നമ്മൾ മുന്നിട്ടിറങ്ങി. അതിന്റെ ദൃഷ്ടാന്തമാണ് ഭരണഘടനയുടെ 131-ാം അനുച്ഛേദപ്രകാരം കേരളം സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്ന ഹർജി. ഭരണഘടനാ സ്ഥാപനങ്ങളി ലിരിക്കുന്നവർ അവർ ചുമതലയിലിരിക്കുന്ന നാടിനോടും ജനങ്ങളോടും ഉത്തരവാദിത്വമുള്ളവരായിരിക്കണം എന്ന സമീപനവും നമ്മൾ മുന്നോട്ടുവെച്ചു. ഇത്തരത്തിൽ ജനാധിപത്യ സംവിധാനത്തെ ശാക്തീകരിക്കുന്നതും അവ ആത്യന്തികമായി ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതുമായ നടപടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. പുതിയ സഹസ്രാബ്ദത്തിനു ചേരുന്ന നവകേരളവും വിജ്ഞാന സമ്പദ്ഘടനയും വിജ്ഞാനസമൂഹവും - ഇതാണു നമ്മുടെ ലക്ഷ്യം.

പുതുവത്സരത്തിന്റെ വരവ് പ്രതീക്ഷയുടെ പുതിയ പ്രകാശകിരണങ്ങൾ പകർന്നു നൽകുന്നുണ്ട്. ഇക്കാലമത്രയും മുറുകെപ്പിടിച്ച മാനുഷിക മൂല്യങ്ങൾക്കു കരുത്തും തെളിമയും പകർന്നുകൊണ്ട് സ്നേഹസുന്ദരമായ പാതയിലൂടെ മാനവികതയെ തെളിയിച്ചുകൊണ്ട് ഈ പുതുവത്സരത്തിൽ നമുക്ക് നവകേരളം കെട്ടിപ്പടുക്കുന്നതിൽ കേന്ദ്രീകരിക്കാം. നവ വിജ്ഞാന ഘടന, വിജ്ഞാനാധിഷ്ഠിത നവ സമ്പദ്ഘടന ഇവ യാഥാർഥ്യമാക്കാൻ പുനർസമർപ്പിക്കാം. ഭേദചിന്തകൾക്കതീതമായ മാനുഷികസത്തയെ ഉയർത്തിപ്പിടിക്കുന്ന കാലത്തിന്റെ തുടർച്ചയാകട്ടെ 2024.■





# കെ സ്മാർട്ട്

## സേവനങ്ങൾ സ്മാർട്ട് സുതാര്യം

പ്രാദേശിക സർക്കാരുകളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാകുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാവുകയാണ് കേരളം. അഴിമതിയുടെ വാതിലടയ്ക്കുന്നുവെന്നതാണ് കെ-സ്മാർട്ടിന്റെ മറ്റൊരു സുപ്രധാന ഫലം.



**2024** ലെ പുതുവർഷപ്പിറവി കേരളത്തിന് മറക്കാൻ പറ്റാത്തതാണ്. ദീർഘകാലത്തെ കഠിനാധ്വാനത്തിന്റെ ഉൽപന്നമായി നഗരസഭകളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആകുന്ന കെ-സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജിങ്ങ് അഡ്മിനിസ്ട്രേറ്റീവ് റിഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ) പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തപ്പോൾ നവകേരളത്തിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പായി അത് മാറി. വിരൽത്തുമ്പിലൂടെ സേവനങ്ങൾ അതിവേഗത്തിൽ ലഭിക്കാൻ കെ-സ്മാർട്ട് വഴിയൊരുക്കി. അഴിമതിയുടെ വാതിലടയ്ക്കുന്നുവെന്നതാണ് കെ-സ്മാർട്ടിന്റെ മറ്റൊരു സുപ്രധാന ഫലം. നിരവധി മാതൃകകൾ ലോകത്തിന് സമ്മാനിച്ച കേരളം ജനസേവനത്തിൽ പുതിയൊരു മാതൃക ഇതുവഴി സൃഷ്ടിച്ചിരിക്കയാണ്.

കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഓൺലൈനായി ഒറ്റ പ്ലാറ്റ് ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണ് കെ-സ്മാർട്ട്. 2024 ഏപ്രിൽ ഒന്ന് ആകുമ്പോഴേക്ക് മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കെ-സ്മാർട്ട് നടപ്പാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. അതോടെ കേരളത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിന്നുള്ള സേവനങ്ങൾ ഓൺലൈൻ ആകും. തദ്ദേശസ്വയംഭരണവകുപ്പിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷനാണ് കെ-സ്മാർട്ട് വികസിപ്പിച്ചത്. ഇ- ഗവേണൻസിൽ കേരളത്തിന്റെ മുന്നേറ്റത്തിന് പുത്തൻ വേഗം പകരുന്ന സംവിധാനമാകും കെ-സ്മാർട്ട്. പ്രാദേശികസർക്കാരുകളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാകുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാവുകയാണ് കേരളം.

**2024 ഏപ്രിൽ ഒന്ന് ആകുമ്പോഴേക്ക് മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കെ-സ്മാർട്ട് നടപ്പാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്**

ആദ്യ ഘട്ടത്തിൽ ജനന-മരണ വിവാഹ രജിസ്ട്രേഷൻ, വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ, വസ്തുനികുതി, കെട്ടിടനിർമ്മാണ അനുമതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിങ്ങ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതിപരിഹാരം തുടങ്ങിയ സേവനങ്ങളായിരിക്കും കെ-സ്മാർട്ടിലൂടെ ലഭ്യമാവുക. കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കും. അതിനായി അപേക്ഷകളുടെയും പരാതികളുടെയും കൈപ്പറ്റ് രസീത് പരാതിക്കാരന്റെ/ അപേക്ഷകന്റെ ലോഗിനിലും വാട്സ്ആപ്പിലും ഇ-മെയിലിലും ലഭ്യമാകുന്ന ഇന്റഗ്രേറ്റഡ് മെസേജിങ്ങ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

### പ്രവാസികൾക്ക് ഏറെ ഉപകാരപ്രദം

കെ-സ്മാർട്ട് കൊണ്ട് ഏറ്റവുമധികം ഗുണഫലം അനുഭവിക്കുന്ന ഒരു വിഭാഗം പ്രവാസികളായിരിക്കും. പ്രവാസികൾക്ക് നേരിട്ടെത്താതെ



കൊച്ചിയിൽ നടന്ന കെ-സ്മാർട്ട് ഉദ്ഘാടനച്ചടങ്ങ്

തന്നെ തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാവും. വീഡിയോ കെവൈസിയിലൂടെ  വിവാഹ രജിസ്ട്രേഷൻ, ആവശ്യമായ രേഖകൾ ഓൺലൈനിൽ സമർപ്പിച്ച് ലോകത്ത് എവിടെയിരുന്നും ചെയ്യാൻ കഴിയും. ജി.ഐ.എസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ നിമിഷങ്ങൾക്കുള്ളിൽ കെട്ടിടനിർമ്മാണ പെർമിറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. കെ-സ്മാർട്ടിലെ നോ യുവർ ലാൻഡ് എന്ന ഫീച്ചറിലൂടെ ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്ന വിവരം പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കും. തീരപരിപാലന നിയമപരിധി, റെയിൽവേ എയർപോർട്ട് സോണുകൾ, പരിസ്ഥിതിലോലപ്രദേശം, അംഗീകൃത മാസ്റ്റർ പ്ലാനുകൾ തുടങ്ങിയവയിൽ ഉൾപ്പെട്ടതാണോ എന്നറിയാൻ ആ സ്ഥലത്തു പോയി ആപ്പ് മുഖേന സ്കാൻ ചെയ്ത് വിവരങ്ങളെടുക്കാം. എത്ര ഉയരത്തിൽ കെട്ടിടം നിർമ്മിക്കാമെന്നും എത്ര മീറ്റർ സെറ്റ് ബാക്ക് വേണമെന്നുമൊക്കെ മുൻകൂട്ടി മനസ്സിലാക്കാം. ശരിയായ വിവരങ്ങൾ മനസ്സിലാക്കാനും അബദ്ധങ്ങളിൽ അകപ്പെടുന്നത് ഒഴിവാക്കാനും ഇത് സഹായിക്കും. ചട്ടലംഘനങ്ങളും അതുമൂലമുണ്ടാകുന്ന അനുബന്ധമായ ബുദ്ധിമുട്ടുകളും ഇതുമൂലം ഒഴിവാക്കാം. 300 ചതുരശ്രമീറ്റർ വരെയുള്ള ലോ റിസ്ക് കെട്ടിടങ്ങളുടെ അപേക്ഷ ചട്ടപ്രകാരം ഓൺലൈനായി സമർപ്പിച്ചാൽ 30 സെക്കൻഡിനകം നിർമ്മാണപെർമ്മിറ്റ് ഓൺലൈനായി ലഭിക്കും. വാട്ട്സാപ്പ്, ഇ-മെയിൽ എന്നിവയിൽ സർട്ടിഫിക്കറ്റുകൾ അയച്ചുകിട്ടും. ഒരിക്കൽ ഡൗൺലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് വീണ്ടും അപേക്ഷിക്കേണ്ടതില്ല, അത് വീണ്ടും ഉപയോഗിക്കാം. ആധികാരികത ഉറപ്പാക്കാൻ ക്യൂ ആർ കോഡ് സംവിധാനവുമുണ്ട്.

ബ്ലോക്ക് ചെയിൻ, നിർമ്മിതബുദ്ധി, ജി.ഐ.എസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, മെസേജ് ഇന്റഗ്രേഷൻ, ക്ലൗഡ് കമ്പ്യൂട്ടിങ്ങ്, വിവിധ സോഫ്റ്റ്‌വെയറുകൾ തമ്മിലുള്ള എ.പി.ഐ ഇന്റേഗ്രഷൻ എന്നീ സാങ്കേതിക വിദ്യകളെ ഏകോപിപ്പിച്ചുകൊണ്ടാണ് കെ-സ്മാർട്ട് ഓൺലൈൻ ആകുന്നത്. ഇതുകൂടാതെ ചാറ്റ് ജി.പി.റ്റി, മെഷീൻ ലേണിങ്ങ്, ഡേറ്റാ സയൻസ്, വെർച്വൽ




**കെ സ്മാർട്ടിന്റെ** മികവ് കണക്കിലെടുത്ത് നാഷണൽ അർബൻ ഡിജിറ്റൽ മിഷൻ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിനുവേണ്ടി ഐകെഎമ്മിനെ പാർട്ട്ണറായി അംഗീകരിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് (NIUA) അർബൻ ഗവേണൻസ് പ്ലാറ്റ്ഫോം (NUGP) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നിർവഹണ പങ്കാളിയായും ഐകെഎമ്മിനെ എംപാനൽ ചെയ്തിട്ടുണ്ട്. രാജ്യത്ത് ഇങ്ങനെ എംപാനൽ ചെയ്യപ്പെട്ട ഏക സർക്കാർ ഏജൻസി ഐകെഎം ആണ്. ഇതിനകം തന്നെ നാല് സംസ്ഥാനങ്ങൾ കെ സ്മാർട്ടിന്റെ മാതൃകയിൽ സോഫ്റ്റ് വെയർ തയ്യാറാക്കാൻ ഐകെഎമ്മിനെ സമീപിച്ചിട്ടുണ്ട്. കർണാടകയുമായി  ജനുവരി ഒന്നിന് തന്നെ ധാരണാപത്രത്തിൽ  ഏർപ്പെട്ടു. കേരളം സൃഷ്ടിക്കുന്ന മികച്ച മാതൃകകൾ മറ്റ്  സംസ്ഥാനങ്ങളും അംഗീകരിക്കുന്നുവെന്നതിന്റെ ഉദാഹരണമാണിത്.

ജി.ഐ.എസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ നിമിഷങ്ങൾക്കുള്ളിൽ കെട്ടിടനിർമ്മാണ പെർമിറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.



ഫോട്ടോ: പ്രശാന്ത് ആർ, ഐപിആർഡി

ആൻഡ് ഓഗ്മെന്റഡ് റിയാലിറ്റി, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് തുടങ്ങിയ നിരവധി സാങ്കേതികവിദ്യകൾ കൂടി രണ്ടാംഘട്ടത്തിൽ ഉപയോഗിച്ചുകൊണ്ടുള്ള തുടർപ്രവർത്തനങ്ങളും ഉറപ്പാക്കുന്നു.

## അഴിമതി സാധ്യത ഇല്ലാതാവും

സേവനം വൈകുന്നുവെന്നും ഓഫീസുകൾ കയറിയിറങ്ങി മടുക്കുന്നുവെന്നുമുള്ള സ്ഥിരം പരാതികൾ ഈ സംവിധാനത്തിലൂടെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള തട്ടുകളുടെ എണ്ണം സാങ്കേതികവിദ്യയുടെ സഹായത്തോടെ കുറയുകയാണ്. ഇതിലൂടെ ഉദ്യോഗസ്ഥരുടെ ജോലിഭാരം വലിയ തോതിൽ ലഘൂകരിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. സേവനം കൃത്യസമയത്ത് ഉദ്യോഗസ്ഥർ നൽകുന്നുണ്ട് എന്ന് ഉറപ്പാക്കാനും, ജോലിഭാരം കുറയുന്നതിനാൽ ജീവനക്കാർക്ക് മറ്റ് ഭരണനിർവഹണ കാര്യങ്ങളിൽ കാര്യശേഷി ഉപയോഗപ്പെടുത്താനും കഴിയും. ചുരുക്കത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ കാര്യക്ഷമത വർധിക്കും. ജനങ്ങൾക്ക് വേഗം കാര്യവും നടക്കും. ഓഫീസിൽ നേരിട്ട് എത്തേണ്ടതില്ലാത്തതിനാൽ അഴിമതി, കൈക്കൂലി എന്നീ സാധ്യതകളുമില്ലാതാവും.

**അഞ്ച് വിഭാഗങ്ങളിലായി 34 മൊഡ്യൂളുകളിലാണ് സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നത്. പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാനും നഗരസഭകളുടെ ഭരണസൗകര്യത്തിനുമുള്ളതാണ് ഈ മൊഡ്യൂളുകൾ**

കെ-സ്മാർട്ട് വിന്യാസത്തിന് മുന്നോടിയായി നഗരസഭാ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും വിപുലമായ പരിശീലനം നൽകി അവരെ സജ്ജരാക്കിയിട്ടുണ്ട്. ഇതിന് പുറമേ പൊതുജനങ്ങളെ സഹായിക്കാൻ ഫ്രണ്ട് ഓഫീസിലും ജീവനക്കാരെ സഹായിക്കാൻ ബാക്ക് ഓഫീസിലും ഐകെഎമ്മിലെ സാങ്കേതികവിദഗ്ധരെ എല്ലാ നഗരസഭകളിലും വിന്യസിച്ചിട്ടുണ്ട്. നിലവിലുള്ള സംവിധാനത്തിൽ നിന്ന് ഒറ്റയടിക്ക് ഓൺലൈനിലേക്ക് മാറുമ്പോൾ പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ നേരിട്ടേക്കാം. ഈ പ്രശ്നങ്ങളെയെല്ലാം മറികടക്കാനും പരിഹാരം കാണാനുമാവശ്യമായ മുന്നൊരുക്കങ്ങളും സജ്ജീകരണങ്ങളും സർക്കാരും ഐകെഎമ്മും സ്വീകരിച്ചിട്ടുണ്ട്.

പരാതികൾ ഓൺലൈനായി സമർപ്പിക്കാം. ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരിഹരിച്ച് യഥാസമയം പരാതിക്കാരനെ അറിയിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തദ്ദേശഭരണ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും, അപേക്ഷ തീർപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഡാഷ് ബോർഡുകൾ ക്രമീകരിച്ചിട്ടുണ്ട്. ഓഡിറ്റ് സംവിധാനവും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇതിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കപ്പെടും.

ഈ സൗകര്യങ്ങളെല്ലാം ലഭ്യമാകുന്ന കെ-സ്മാർട്ട് മൊബൈൽ ആപ്പും വികസിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസ് കയറിയിറങ്ങാതെ എല്ലാ സേവനങ്ങളും സ്മാർട്ട് ഫോൺ മുഖേന നേടാൻ കഴിയും. ജനങ്ങളുടെ ആവശ്യങ്ങൾക്കും കാലാനുസൃതമായ മാറ്റങ്ങൾക്കും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി ജനജീവിതം മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്.■

# ഓഫീസുകളിലേക്ക് ഓടിത്തളരേണ്ട




**വിവിധങ്ങളായ സേവനങ്ങൾ ലഭ്യമാകുന്നതിന് വിവിധ സോഫ്റ്റ്‌വെയറുകളെ ആശ്രയിക്കേണ്ടി വരുന്നത് ഒഴിവാക്കി ഒറ്റ പ്ലാറ്റ്ഫോമിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് കെ സ്മാർട്ട് ലക്ഷ്യമിടുന്നത്**

## ജനങ്ങൾക്ക് പ്രാമുഖ്യം

- പൗരകേന്ദ്രീകൃതമായ സേവനപ്രദാനം സാധ്യമാകുന്നു.
- സേവനങ്ങൾക്കായുള്ള അപേക്ഷകൾ പരാതികൾ എന്നിവ ഓൺലൈൻ ആയി നല്കാം. അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ എന്നിവ വഴിയും അപേക്ഷകളും പരാതികളും നൽകാനാവും.
- അപേക്ഷകളുടെയും പരാതികളുടെയും കൈപ്പറ്റ് രസീത് സ്വന്തം ലോഗിനിലും വാട്സ്ആപ്പിലും ഇ-മെയിലിലും ലഭ്യമാകുന്നു.
- അപേക്ഷകളുടെയും , പരാതികളുടെയും സ്റ്റാറ്റസ് ഓൺലൈൻ ആയി അറിയാൻ കഴിയുന്നു.
- ഇടനിലക്കാർ ഇല്ലാതെ സേവനം ലഭ്യമാകുന്നു.
- സേവനങ്ങൾ സമയബന്ധിതമായി.
- സേവനാവകാശ നിയമത്തിലും പൗരാവകാശ രേഖയിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സേവനങ്ങൾ ലഭ്യമാകുന്നു.
- സേവനങ്ങൾ ഓൺലൈൻ ആയി സ്വന്തം ലോഗിനിലും വാട്സ് ആപ്പിലും ഇ- മെയിലിലും ലഭ്യമാക്കുന്നു. എല്ലാ അറിയിപ്പുകളും മെസേജുകൾ വഴി ലഭ്യമാകുന്നു.
- ഓഫീസുകളിൽ കയറിയിറങ്ങാതെ സേവനങ്ങൾ ലഭിക്കുന്നു.
- അപേക്ഷാ ഫീസുകൾ നികുതികൾ മറ്റ് ഫീസുകൾ എന്നിവ ഓൺലൈൻ ആയി അടയ്ക്കാൻ സാധിക്കുന്നു.
- ഒരിക്കൽ നല്കിയ രേഖകൾ സ്വന്തം ലോഗിനിൽ സൂക്ഷിക്കപ്പെടുന്നതിനാൽ തന്നെ അവ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കുന്നു.
- സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ഡൗൺ ലോഡ് ചെയ്യാൻ സാധിക്കുന്നു.
- സേവനങ്ങൾ സ്ഥലകാല പരിമിതികൾ ഇല്ലാതെ ലഭ്യമാകുന്നു.
- സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുന്നു.
- മൊബൈൽ ആപ്പിലൂടെ സേവനങ്ങൾ ലഭ്യമാകുന്നു.

# സുതാര്യവും അഴിമതിരഹിതവുമായ ഭരണനിർവഹണം

- കടലാസ് രഹിത ഓഫീസുകൾ യാഥാർഥ്യം ആകുന്നു.
- ജനപക്ഷപരവും കാര്യക്ഷമവുമായ ഭരണ സംവിധാനം സംജാതമാകുന്നു
- ഏകീകൃതവും നിയമപരവുമായ നടപടിക്രമങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നിലവിൽ വരുന്നു.
- സുതാര്യവും അഴിമതിരഹിതവുമായ ഭരണനിർവഹണം സാധ്യമാകുന്നു.
- തീരുമാനമെടുക്കൽ പ്രക്രിയ ലളിതമാകുന്നു.
- ജീവനക്കാർക്ക് ഒറ്റ ലോഗിനിലൂടെ എല്ലാ പ്രവർത്തനങ്ങളും ചെയ്യുവാൻ കഴിയുന്നു.
- വേഗത്തിലും എളുപ്പത്തിലും ഫയലുകൾ തീർപ്പാക്കാൻ കഴിയുന്നു.
- നൂതന സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ ദൈനംദിന ഓഫീസ് പ്രവർത്തനത്തിന്റെ കാര്യക്ഷമത വർധിക്കുന്നു.
- ഫീൽഡ് പരിശോധനയും അന്വേഷണങ്ങളും മൊബൈൽ ആപ് ഉപയോഗിച്ച് നടത്താൻ കഴിയുന്നു.
- ചുവപ്പുനാട ഇല്ലാതാകുന്നു.
- ഫയൽ കേന്ദ്രീകൃത ഭരണസംവിധാനത്തിൽ നിന്നും ഡേറ്റ കേന്ദ്രീകൃത ഭരണത്തിലേക്ക് മാറുന്നു.
- ജനങ്ങളുടെ ആവശ്യങ്ങളോട് കൃത്യമായി പ്രതികരിക്കുന്ന ഭരണസംവിധാനം ഉണ്ടാകുന്നു.
- തുല്യനീതി ഉറപ്പാക്കുന്നു.
- സദ്ഭരണം യാഥാർഥ്യമാകുന്നു.

# രജിസ്ട്രേഷനുകൾ ഓൺലൈനായി

- സിവിൽ രജിസ്ട്രേഷൻ (ജനന -മരണ വിവാഹ രജിസ്ട്രേഷൻ) അനായാസം
- ജനന മരണ രജിസ്ട്രേഷനുകൾ, പേര് ഉൾപ്പെടുത്തലുകൾ, തിരുത്തലുകൾ എന്നിവ ഓൺലൈനായി നടത്താം.
- ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നു
- വിവാഹ രജിസ്ട്രേഷൻ ഓൺലൈനായി ഇ -കെ വൈ സി സംവിധാനം ഉപയോഗിച്ച് നടത്തുവാൻ കഴിയുന്നു.
- ഓഫീസിൽ ഹാജരാകാതെ സേവനങ്ങൾ ലഭ്യമാകുന്നു
- സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഓൺലൈനായി പരിശോധിക്കാൻ കഴിയുന്നു




# ഉപയോക്തൃ സൗഹൃദം

- ലളിതമായ യൂസർ മാപ്പിങ് സംവിധാനം.
- പെൻ നമ്പർ ഉപയോഗിച്ച് കൊണ്ടുള്ള യൂസർ ഐഡന്റിഫിക്കേഷൻ.
- സേവനങ്ങൾ അടിസ്ഥാനമാക്കിയുള്ള യൂസർ മാപ്പിങ്

# കെട്ടിടനികുതിയും രേഖകളും എളുപ്പത്തിൽ



- "എന്റെ കെട്ടിടങ്ങൾ" എന്ന മെനുവിലൂടെ ജനങ്ങൾക്ക് സ്വന്തം കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കും. സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ഓൺലൈനായി എടുക്കാം. നികുതികൾ ഓൺലൈനായി അടയ്ക്കാം.
- കെട്ടിടനിർമ്മാണം പൂർത്തീകരിക്കുമ്പോൾതന്നെ മറ്റൊരു അപേക്ഷകൂടാതെ നികുതി നിർണയം നടക്കുകയും കെട്ടിടനമ്പറും ബിൽഡിങ്ങ് സർട്ടിഫിക്കറ്റും ലഭ്യമാവും. ബിൽഡിങ്ങ് സർട്ടിഫിക്കറ്റ് ഓൺലൈൻ ആയി ഡൗൺലോഡ് ചെയ്യാം. ഈ സർട്ടിഫിക്കറ്റ് കെട്ടിടത്തിന്റെ കാലപ്പഴക്കം, കെട്ടിടത്തിന്റെ വിലാസം, ഉടമയുടെ വിവരങ്ങൾ, കൈവശക്കാരന്റെ വിവരങ്ങൾ, കെട്ടിടത്തിന്റെ നികുതി വിവരങ്ങൾ, നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ, കെട്ടിടത്തിന്റെ തരം എന്നിവ തെളിയിക്കുന്നതിന് ഉപയോഗിക്കാം.
- സ്വന്തം ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതികൾ ഒരുമിച്ച് അടവാക്കുന്നതിന് കഴിയുന്നു.




# ഫയൽ തീർപ്പാക്കൽ വേഗത്തിൽ

- ലളിതവും കാര്യക്ഷമവും ഏകീകൃതവുമായ ഫയൽ സംവിധാനം.
- വേഗത്തിലുള്ള ഫയൽ തീർപ്പാക്കൽ സാധ്യമാകുന്നു.
- കാര്യക്ഷമവും സമയബന്ധിതവുമായ തീരുമാനമെടുക്കൽ പ്രക്രിയ.

# ധന ഇടപാടുകൾ സുതാര്യമാകും

- തദ്ദേശസ്വയംസ്ഥാപനങ്ങളിൽ ബജറ്റിന് അനുസൃതം ആയിട്ടുള്ള സാമ്പത്തികകൈകാര്യനടപടികൾ യാഥാർഥ്യമാകുന്നു.
- സാമ്പത്തിക ഇടപാടുകൾ പൂർണ്ണമായും ഓൺലൈനായി മാറുന്നു ഫീൽഡ് കളക്ഷൻ പി ഒ എസ് മെഷീനും ഓൺലൈൻ പെയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാം സാമ്പത്തിക ഇടപാടുകളും അതത് സമയത്ത് തന്നെ ജനങ്ങൾക്ക് തങ്ങളുടെ അക്കൗണ്ടിലും ലോഗിനിലും ലഭ്യമാണ്.
- സാമ്പത്തിക നടപടികൾ സംബന്ധിച്ച് എല്ലാ റിപ്പോർട്ടുകളും അതത് സമയത്ത് തന്നെ ജീവനക്കാർക്കും മേലധികാരികൾക്കും മറ്റ് സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ലഭ്യമാകുന്നു.
- ജി-സ്പാർക്ക്, PRICE എന്നീ സോഫ്റ്റ്വെയറുകളുമായി ഇന്റെഗ്രേറ്റ് ചെയ്ത് വർക്ക് ചെയ്യുന്നത് മൂലം സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാകും ഡേറ്റാ ഇന്റെഗ്രിറ്റി സാധ്യമാവും.
- കെട്ടിട പെർമിറ്റ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ് എന്നീ മൊഡ്യൂളുകൾ ഇന്റെഗ്രേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതിനാൽ ഡേറ്റാ ഇന്റെഗ്രിറ്റി സാധ്യമാവുന്നു, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാകേണ്ട മുഴുവൻ ഡിമാന്റുകളും യഥാസമയം ലഭ്യമാകുന്നു.

## വ്യവസായ സൗഹൃദപരം

- സർക്കാരിന്റെ നിക്ഷേപ സൗഹൃദനയത്തിന് അനുസൃതമായി വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസുകൾ വേഗത്തിലും സമയബന്ധിതമായും ലഭ്യമാകുന്നു.
- ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെടുന്നു





## അനുമതികൾ വേഗത്തിൽ

- ജിഐഎസ് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലോട്ടുകളുടെയും കെട്ടിടങ്ങളിലെയും വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിലൂടെ ഏറ്റവും വേഗത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.
- നോ യുവർ ലാൻഡ് എന്ന മെനുവിലൂടെ ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്ന വിവരം പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നു.
- കെട്ടിടനിർമ്മാണത്തിനായി സമർപ്പിക്കുന്ന പ്ലാനുകൾ ചട്ടങ്ങൾ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് സോഫ്റ്റ്‌വെയർ തന്നെ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനാൽ ഫീൽഡ് പരിശോധനകൾ ലഘൂകരിക്കപ്പെടുകയും വേഗത്തിൽ നിർമ്മാണ പെർമിറ്റ് ലഭ്യമാവുകയും ചെയ്യുന്നു .
- ജനങ്ങൾക്കും ലൈസൻസികൾക്കും പെർമിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ഏതുസമയത്തും പരിശോധിക്കാനാവും.

## പരാതി പരിഹാരം കാര്യക്ഷമമാകും

ഓൺലൈനായി പരാതികൾ നൽകാൻ കഴിയുന്നു.

- സംയുക്തപരാതികളും മാസ് പെറ്റീഷനുകളും നൽകാൻ സാധിക്കുന്നു
- പരാതികളുടെ സ്റ്റാറ്റസ് തൽസമയം ലഭ്യമാകുന്നു.
- പരാതികളുടെ ലൊക്കേഷൻ നൽകാൻ കഴിയുന്നു.
- പരാതിപരിഹാര നടപടികൾ ശാസ്ത്രീയവും കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമാകും.




**അവലംബം: ഇൻഫർമേഷൻ കേരളമിഷൻ**

 സുഹാന ആർ. എച്ച്
ക്യാമ്പയിൻ സെക്രട്ടേറിയേറ്റ്, മാലിന്യമുക്തം നവകേരളം

# വൃത്തിയുള്ള നവകേരളത്തിലേക്ക്

**‘മാലിന്യമുക്തകേരളം’എന്ന ലക്ഷ്യം ഉത്തരവാദിത്വബോധമുള്ള ജനതയുടെ പങ്കാളിത്തത്തോടെ 2024 മാർച്ചോടുകൂടി കൈവരിക്കാൻ ഒരുങ്ങുകയാണ് കേരളം**

ശുചിത്വമാലിന്യ സംസ്കരണരംഗത്ത് കേരളം വളരെ മുന്നേറിയെന്നതിൽ സംശയമില്ല. വൃത്തിയും വെടിപ്പുമുള്ള ഹരിതാഭമായ "മാലിന്യമുക്തകേരളം" എന്ന ലക്ഷ്യം കേരളം ഉത്തരവാദിത്വബോധമുള്ള ജനതയുടെ പങ്കാളിത്തത്തോടെ 2024 മാർച്ചോടുകൂടി കൈവരിക്കുകയാണ്.

നഗരവത്കരണത്തിന്റെയും, ആധുനികവത്കരണത്തിന്റെയും ഭാഗമായി ഉപഭോഗ സംസ്കാരം വളരുന്ന സാഹചര്യത്തിൽ മനുഷ്യരാശിക്ക് ദുരന്ത സൂചനമായി പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും തോതും വർധിച്ചു വരുന്നു. കാലാവസ്ഥാവ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം 850 ദശലക്ഷം ടണ്ണിലധികം ആണെന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ മാത്രം ഒരു വർഷം ഉപയോഗിക്കുന്ന 15 ദശലക്ഷം ടൺ പ്ലാസ്റ്റിക്കിൽ ഏകദേശം 58%വും വർഷാവസാനത്തോടെ പുറത്തുവരികയാണ്.

ഈ ഒരു  സാഹചര്യത്തിലാണ് ഇന്ത്യയ്ക്ക് തന്നെ മാതൃകയായി 2016ൽ വികേന്ദ്രീകൃത മാലിന്യസംസ്കരണം എന്ന ആശയം മുന്നോട്ട് കൊണ്ടുവരുന്നത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന് തുടക്കം കുറിച്ചു. ശുചിത്വ മിഷൻ അതിന്റെ ശുചിത്വമാലിന്യസംസ്കരണ ഉപമിഷൻ സംവിധാനമായി നിശ്ചയിച്ചതിലൂടെ കേരളത്തിലെ മാലിന്യസംസ്കരണമേഖലയിൽ വ്യക്തമായ ദിശ തെളിയുകയായിരുന്നു.




### മാലിന്യശേഖരണവും സംസ്കരണവും

കേരളം സമയബന്ധിതമായി മാലിന്യമുക്തം ആവുക, വികേന്ദ്രീകൃത മാലിന്യസംസ്കരണരീതിയിൽ ഊന്നിയുള്ള അടിസ്ഥാനസൗകര്യവികസനം, മാലിന്യം വലിച്ചെറിയൽ മുക്തസംസ്ഥാനം എന്നീ മൂന്ന് പൊതുലക്ഷ്യങ്ങൾ മുൻനിർത്തി മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന പ്രവർത്തനങ്ങളിലൂടെയാണ് മാലിന്യമുക്തം നവകേരളം സാധ്യമാക്കുന്നത്.

ദിവസേന ഉൽപാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യവും വീടുകളിലും സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലങ്ങളിലുമായി സംസ്കരിക്കുന്ന നാടാണ് കേരളം. നിലവിൽ ജൈവമാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്തെ 20,50,975 വീടുകളിൽ കമ്പോസ്റ്റ് പിറ്റ് സംവിധാനവും, 24,52,315 വീടുകളിൽ ഉറവിട കമ്പോസ്റ്റിങ് സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമെ പൊതുതലങ്ങളിൽ 65,535 കമ്പോസ്റ്റ് പിറ്റുകളും , 634 കമ്മ്യൂണിറ്റിതല ബയോഗ്യാസ് സംവിധാനവും, 488 മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകളും 144 വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകളും, 1412 തുമ്പൂർമൊഴി പ്ലാന്റുകളും ഉണ്ട്.

അജൈവമാലിന്യം വാതിൽപ്പടി ശേഖരണത്തിനായി സംസ്ഥാനത്ത് 35,554 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ മാലിന്യസംസ്കരണം വികേന്ദ്രീകൃതരീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. ശേഖരിക്കുന്ന മാലിന്യം തരംതിരിക്കുന്നതിനായി MCF (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) കളിലേയ്ക്ക് കൊണ്ടുപോകുന്നു നിലവിൽ സംസ്ഥാനത്താകെ 1217 എം സി എഫുകൾ ഉണ്ട്.ഇവിടെ മാലിന്യം തരംതിരിച്ചതിന് ശേഷം പുനഃചക്രമണം സാധ്യമായ പ്ലാസ്റ്റിക്ക് ബെയിലിങ് ചെയ്യുന്നതിനും, പറ്റാത്തവ ഷ്റെഡ്ഡ് ചെയ്യുന്നതിനുമായി ആർ.ആർ. എഫുകളിലേയ്ക്ക് കൊണ്ടുവരുന്നു നിലവിൽ സംസ്ഥാനത്താകെ 167 ആർ ആർ എഫുകൾ പ്രവർത്തിക്കുന്നു. എട്ട് ജില്ലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടികൾ പുരോഗമിക്കുകയാണ്.

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ആദ്യഘട്ടത്തിൽ തന്നെ യുവജന -വിദ്യാർഥി സംഘടനകളുടെയും മറ്റ് വ്യാപാരവ്യവസായ-സർവീസ് സംഘടനകളുടെയും പങ്കാളിത്തം വളരെ കാര്യക്ഷമമായി നടന്നിരുന്നു. ജില്ലകളിൽ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ഓരോ വീടുകളിലും മാലിന്യം കൃത്യമായി തരംതിരിക്കുന്നതിന്റെയും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന്റെയും ആവശ്യകത ജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതിനുമെല്ലാം സംഘടകളുടെ നേതൃത്വത്തിൽ നിരവധി വിവര-വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ നടന്നിരുന്നു.



വര: വി എസ് പ്രകാശ്

**പൊതുസ്ഥലങ്ങളിൽ** മാലിന്യം വലിച്ചെറിയുന്നത് ഫോട്ടോ / വീഡിയോ എടുത്ത് നൽകുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്ന ബൃഹത്തായ ക്യാമ്പയിനും നടന്നുവരുന്നു. പൊതുജനങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പ് ലഭ്യമാക്കിയ ലിങ്ക് വഴിയോ പൊതുവായി ലഭ്യമാക്കിയിട്ടുള്ള വാട്സ്അപ്പ് നമ്പർ വഴിയോ കെ- സ്മാർട്ട് ആപ്ലിക്കേഷൻ വഴിയോ പരാതികൾ അറിയിക്കാവുന്നതാണ്.

### ക്ലീൻ കേരള കമ്പനി

**അജൈവ മാലിന്യ ശേഖരണ രംഗത്ത് പ്രാദേശിക** സർക്കാരുകളുടെ പിന്തുണാസംവിധാനമായി പ്രവൃത്തിക്കുന്ന ക്ലീൻ കേരള കമ്പനിയുടെ പിന്തുണയോടെ 708 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഫലപ്രദമായി അജൈവമാലിന്യശേഖരണവും റീസൈക്ലിങ്ങ് യൂണിറ്റുകളിലേക്കുള്ള ഫോർവേഡ് ലിങ്കേജും നടന്നു വരുന്നു. 2022 ൽ ആകെ 7657 മെട്രിക് ടൺ മാലിന്യം ശേഖരിച്ച കമ്പനി ഈ വർഷം അത് നാലിരട്ടിയോളം വർധിപ്പിച്ചിരിക്കുന്നു. 2023 ഡിസംബറിൽമാത്രം 13,184 ടൺ മാലിന്യമാണ് ക്ലീൻ കേരള കമ്പനി ശേഖരിച്ച് നീക്കം ചെയ്തത്.

### തൊഴിൽ മേഖല

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നിരവധി തൊഴിൽ അവസരങ്ങളാണ് സംസ്ഥാനത്ത് ലഭ്യമായിട്ടുള്ളത്. മാലിന്യ സംസ്കരണരംഗത്ത് അവസരങ്ങൾ ഉണ്ടെന്ന് സമൂഹം മനസ്സിലാക്കി കഴിഞ്ഞു. അതിനാൽത്തന്നെ നിരവധി വ്യവസായസ്ഥാപനങ്ങളാണ് ഈ രംഗത്ത് ഇന്ന് കേരളത്തിൽ ഉള്ളത്. സർക്കാർതലത്തിലാകട്ടെ ഹരിതകർമ്മസേന മുതൽ ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കേരള ഖരമാലിന്യ പരിപാലന പദ്ധതി, CKCL എന്നീ സ്ഥാപനങ്ങളിലൂടെയെല്ലാം യുവജനങ്ങൾക്ക് കൂടി തൊഴിലവസരങ്ങൾ ലഭ്യമാണ്. സ്വകാര്യമേഖലയിൽ നിലവിൽ സംസ്ഥാനത്ത് അജൈവമാലിന്യശേഖരണത്തിൽ അൻപതോളം ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തദ്ദേശസ്ഥാപനങ്ങളെ മാലിന്യസംസ്കരണത്തിൽ സഹായിക്കുന്നതിന് അൻപതോളം ഹരിതസഹായസ്ഥാപനങ്ങളുമുണ്ട്. പുനഃ ചക്രമണം, പുനരുപയോഗ യോഗ്യമായ സാധനങ്ങളുടെ വിപണനം, സീറോ വേസ്റ്റ് ഷോപ്പ് ഇങ്ങനെ നീളുന്ന

## മാലിന്യസംസ്കരണം കേരളത്തിൽ

| ജൈവമാലിന്യ സംസ്കരണം | |
|---|---|
| **വീടുകളിൽ** | |
| കമ്പോസ്റ്റ് പിറ്റ് സംവിധാനം | 20,50,975 |
| ഉറവിട കമ്പോസ്റ്റിങ് സംവിധാനം | 24,52,315 |
| **പൊതുതലങ്ങളിൽ** | |
| കമ്പോസ്റ്റ് പിറ്റ് | 65,535 |
| കമ്മ്യൂണിറ്റിതല ബയോഗ്യാസ് | 634 |
| മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകൾ | 488 |
| വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകൾ | 144 |
| തുമ്പൂർമൊഴി പ്ലാന്റുകൾ | 1412 |
| **അജൈവമാലിന്യ സംസ്കരണം** | |
| **വാതിൽപ്പടി സേവനം** | |
| ഹരിതകർമ്മസേന | 35,554 |
| MCF (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) | 1217 |
| ആർ.ആർ.എഫ് | 167 |



# പിഴയേറി തടവുശിക്ഷയും
## മാലിന്യസംസ്കരണ നിയമങ്ങൾ കർശനമാക്കി

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും സർക്കാർ നടപടികളും കൂടുതൽ കാര്യക്ഷമവും കർശനവുമാക്കുന്നതിന് മുനിസിപ്പാലിറ്റി, പഞ്ചായത്തിരാജ് നിയമങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസ് ഇറക്കി.

- അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്താൽ ഒരുവർഷം വരെ തടവും 50,000 രൂപ പിഴയും.
- മാലിന്യം വലിച്ചെറിയുന്നതിനെതിരെ തദ്ദേശസ്ഥാപന സെക്രട്ടറിക്ക് ചുമത്താവുന്ന തത്സമയ പിഴത്തുക 5000 രൂപയാക്കി വർധിപ്പിച്ചു.
- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 50,000 രൂപ പിഴയും ഒരുവർഷം വരെ തടവും.
- ഏതെങ്കിലും മാലിന്യ ഉൽപാദകൻ യൂസർ ഫീ നൽകുന്ന കാര്യത്തിൽ വീഴ്ചവരുത്തിയാൽ പ്രതിമാസം 50% പിഴയോടെ പൊതുനികുതി കുടിശ്ശികയായി ഈടാക്കും.
- നൂറിൽ കൂടുതൽ ആളുകൾ ഒത്തുചേരുന്ന പരിപാടികൾ (ലൈസൻസ് ഇല്ലാത്ത സ്ഥലത്ത് നടത്തുന്നതിന്) മൂന്ന് ദിവസം മുൻപെങ്കിലും തദ്ദേശസ്ഥാപനത്തെ അറിയിക്കണം. ഇവിടുത്തെ മാലിന്യം നിശ്ചിത ഫീസ് നൽകി, ചുമതലപ്പെടുത്തിയിട്ടുള്ള മാലിന്യം ശേഖരിക്കുന്നവർക്കോ ഏജൻസിക്കോ കൈമാറേണ്ടതാണ്.
- മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കുറ്റം നടന്നാതായി സെക്രട്ടറിയെ രേഖാമൂലം അറിയിക്കുന്നവർക്ക് പാരിതോഷികം നൽകാനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

സംസ്ഥാനത്തെ സംരംഭങ്ങളുടെ ശൃംഖല. ഹരിതസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള രജിസ്ട്രേഷൻ സംസ്ഥാന സർക്കാർ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ആരംഭിച്ച് കഴിഞ്ഞു.

### മൂന്നാം ഘട്ടം

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ അതിന്റെ മൂന്നാം ഘട്ടത്തിലേക്ക കടക്കുകയാണ്. ശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നതിനാവശ്യമായ സ്ഥിരം സംവിധാനങ്ങൾ, ഹരിതമിത്രം ആപ്പ് മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാക്കൽ, ലെഗസി മാലിന്യം പൂർണമായി ഒഴിവാക്കലും ഭൂമി വീണ്ടെടുക്കലും, ഗാർഹിക ആപൽക്കര മാലിന്യം, സാനിറ്ററി മാലിന്യം ഉൾപ്പെടെയുള്ള മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം, കെട്ടിടനിർമ്മാണം, പൊളിക്കൽ മാലിന്യങ്ങളുടെ മാനേജ്മെന്റ് സംവിധാനം ഉറപ്പാക്കൽ എന്നിവയാണ് മൂന്നാം ഘട്ടത്തിലെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ സർക്കാർ, സ്വകാര്യസ്ഥാപനങ്ങളുടെ ഗ്രേഡിങ്ങ്, സീറോ വേസ്റ്റ് വിനോദസഞ്ചാരകേന്ദ്രങ്ങൾ, ഹരിതകർമ്മസേന ബ്രാൻഡിങ്ങ്, ഹരിതസംരംഭങ്ങളെ മുന്നോട്ടുകൊണ്ടുവരൽ, യുവജന - വിദ്യാർഥിസംഘടനകളെയും മറ്റ് സ്ഥാപനങ്ങളെയും ഭാഗമാക്കി ക്യാമ്പയിൻ കൂടുതൽ ജനകീയമാക്കുക എന്നീ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.■



# മികവിന്റെ മാതൃകകൾ

മാലിന്യശേഖരണത്തിലും സംസ്കരണത്തിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ച ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതാ...



### എറണാകുളം കോർപ്പറേഷൻ

#### കൊച്ചിയിലെ കണ്ടെയ്നർ എംസിഎഫ്

2023 മാർച്ചിൽ ബ്രഹ്മപുരം തീപിടിത്തത്തോട് പുകയുന്ന കൊച്ചിയാണ് എല്ലാവരുടെയും മനസ്സിൽ. കേരളത്തിലെ പ്രധാന തുറമുഖനഗരമായ കൊച്ചി ക്രമാതീതമായി വളർന്നുകൊണ്ടിരിക്കുമ്പോഴും മാലിന്യസംസ്കരണവും പ്രധാന പ്രശ്നമായി വളർന്നുകൊണ്ടിരുന്നു. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കപ്പെടുന്നുണ്ട്. എന്നാൽ കൃത്യമായി തരംതിരിക്കാതെ ശേഖരിക്കപ്പെട്ട ഇത്തരം മാലിന്യങ്ങൾ പതിയെപതിയെ ബ്രഹ്മപുരത്തെ മാലിന്യമലകളായി മാറി. എന്തും തള്ളാവുന്ന ഇടമായി ബ്രഹ്മപുരം മാറി.



എന്നാൽ തീപിടിത്തത്തോടെ അതുവരെ കേന്ദ്രീകൃത മാലിന്യസംസ്കരണം പിൻതുടർന്നു വന്ന കൊച്ചി വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിലേക്ക് മാറുന്നതിന് നിർബന്ധിതമായി. ഈ ചുവടുമാറ്റം നഗരസഭയ്ക്ക് അത്ര എളുപ്പമായിരുന്നില്ല. വീടുകളിൽ നിന്നും ശേഖരിക്കപ്പെട്ട തരംതിരിച്ച പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ശേഖരിച്ചുവയ്ക്കുന്നതിനുള്ള എംസി എഫ് ഒരുക്കുകയെന്നതായിരുന്നു പ്രധാന വെല്ലുവിളി. പുതിയ എം സി എഫുകൾ നിർമ്മിക്കുന്നതിനുള്ള സമയമോ സാവകാശമോ ഉണ്ടായിരുന്നില്ല. മാത്രമല്ല സ്ഥലപരിമിതിയും പ്രധാന വെല്ലുവിളി

> വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന പാഴ്വസ്തുക്കൾ എം.സി. എഫുകളിൽ സംഭരിക്കപ്പെടുന്നു. കുറഞ്ഞ കാലയളവിൽ എം.സി. എഫ് നിർമ്മിക്കുകയെന്ന വലിയ യജ്ഞം ഇതോടുകൂടി പരിഹരിക്കപ്പെട്ടു

ആയിരുന്നു. താൽക്കാലികമായെങ്കിലും എംസിഎഫുകൾ സജ്ജീകരിക്കേണ്ട സാഹചര്യം അനിവാര്യമായി വന്ന സാഹചര്യത്തിലാണ് നഗരസഭ തലശ്ശേരി മോഡൽ കണ്ടെയ്നർ എം സി എഫ് എന്ന ആശയം ഉയർന്നു വന്നത്. ഷിപ്പ്യാർഡിൽ നിന്നും 1,34,000 രൂപക്കാണ് ഒരു കണ്ടെയ്നർ വാങ്ങിയത്. ഇത്തരത്തിൽ വാങ്ങിയ കണ്ടെയ്നറുകൾ യുവജന വോളന്റിയർമാരുടെ കൈകളിലൂടെ നിറംപകർന്നു മനോഹരമാക്കിയ 24 എം സി എഫുകളാണ് നഗരസഭാപരിധിയിലുള്ളത്. അങ്ങനെ കൊച്ചിയിൽ കണ്ടെയ്നറുകൾ എം സി എഫുകളായി രൂപാന്തരപ്പെട്ടു.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന പാഴ്‌വസ്തുക്കൾ എം.സി.എഫുകളിൽ സംഭരിക്കപ്പെടുന്നു. കുറഞ്ഞ കാലയളവിൽ എം.സി. എഫ് നിർമ്മിക്കുകയെന്ന വലിയ യജ്ഞം ഇതോടുകൂടി പരിഹരിക്കപ്പെട്ടു. സ്ഥലപരിമിതിയെന്ന പ്രശ്നത്തെയും നഗരസഭ മറികടന്നത് ഇത്തരത്തിലാണ്.

### എടച്ചേരി പഞ്ചായത്ത്, കോഴിക്കോട്

#### മികച്ച പദ്ധതികൾ

മാലിന്യസംസ്കരണരംഗത്ത് ചുരുങ്ങിയ ഇടവേള കൊണ്ട് വലിയ നേട്ടങ്ങൾ കൊണ്ടുവരാൻ സാധിച്ച പഞ്ചായത്താണ് കോഴിക്കോട് ജില്ലയിലെ എടച്ചേരി. 2018 ൽ തന്നെ പഞ്ചായത്തിനെ മാലിന്യമുക്തം ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു.

അജൈവമാലിന്യം ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനുമായി 2019 ൽ വിപുലമായ സൗകര്യങ്ങളോടുകൂടിയ എം സി എഫ് പ്രവർത്തനം ആരംഭിച്ചു. മാലിന്യസംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാനായി നിലവിൽ പഞ്ചായത്തിൽ 29 ഹരിതകർമ്മസേന അംഗങ്ങളാണുള്ളത്. 6,666 വീടുകളാണ് പഞ്ചായത്തിലുള്ളത്. ഹരിതകർമ്മസേന വഴി വാതിൽപ്പടി അജൈവമാലിന്യശേഖരണം നടത്തി അവ മിനി എം സി എഫുകളിൽ സൂക്ഷിച്ചശേഷം ഇരിങ്ങണ്ണൂർ ടൗണിലെ എം സി എഫിലേക്ക് മാറ്റുന്നു. തുടക്കത്തിൽ വീടുകളിൽനിന്നും ഹരിതകർമ്മസേനക്ക് യൂസർ ഫീ നല്കുന്നതിൽ വിമുഖത കാണിച്ചിരുന്നു.



> മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 2023 – 24 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് ഒരുകോടി രൂപയുടെ പദ്ധതികളാണ് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്



എന്നാൽ പഞ്ചായത്തിന്റെ തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ആ സ്ഥിതി മാറിയിട്ടുണ്ട്. അജൈവവസ്തുക്കൾ കലണ്ടർ അടിസ്ഥാനത്തിൽ അതത് മാസം ഹരിത കർമ്മസേന യൂസർ ഫീ വാങ്ങി ശേഖരിക്കുന്നു. കൂടാതെ പഞ്ചായത്തിലെ 295 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നുണ്ട്. പതിനേഴ് വാർഡുകളിൽ 11 എണ്ണത്തിൽ കഴിഞ്ഞ മൂന്ന് മാസം 100% ശേഖരണം നടന്നു. ഒരു വാർഡ് 70% വും അഞ്ചു വാർഡുകൾ 90ശതമാനത്തിൽ മുകളിലും. പഞ്ചായത്തിലെ 17 വാർഡുകളിലും രണ്ട് വീതം മിനി എം സി എഫും ഇരിങ്ങണ്ണൂരിൽ എം സി എഫും സ്ഥാപിച്ചിട്ടുണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 2023 - 24 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് ഒരുകോടി രൂപയുടെ പദ്ധതികളാണ് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. എല്ലാ വീടുകളിലേ മുള്ള റിങ്ങ് കമ്പോസ്റ്റ് ഈ സാമ്പത്തികവർഷത്തോടുകൂടി പൂർത്തീകരിക്കാനാകും. കൂടാതെ എം.ജി.എൻ.ആർജിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ ജലാശയങ്ങളും തോടുകളും ശുചീകരിക്കുകയും ഓവുചാലുകൾ വൃത്തിയാക്കുകയും ചെയ്യുന്ന പ്രവൃത്തി എല്ലാവർഷവും നടപ്പിലാക്കുന്നുണ്ട്.





### പനയം, കൊല്ലം
## ഹൈടെക് ഹരിതകർമ്മസേന

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്കിലെ പനയം ഗ്രാമപഞ്ചായത്ത് മാലിന്യസംസ്കരണമേഖലയിൽ വേറിട്ട മാതൃകയാണ്. 16 വാർഡുകളിലായി 32 അംഗങ്ങളെ ഉൾപ്പെടുത്തി 2016 ൽ ആണ് പനയം ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന രൂപീകരിച്ചത്. തുടക്കത്തിൽ കാര്യമായ പ്രവർത്തനം ഉണ്ടായിരുന്നില്ല. എന്നാൽ 2019 ൽ ഇആർഡി എന്ന ഹരിതസഹായസ്ഥാപനം ഹരിത കർമ്മ സേനയുടെ സംഘാടനം ഏറ്റെടുക്കുകയും ജൂൺ 2019 ൽ



കൺസോർഷ്യം രൂപവൽക്കരിക്കുകയും ചെയ്തു. തുടക്കത്തിൽ 35,000 രൂപ യൂസർ ഫീ ഇനത്തിൽ ലഭ്യമായിരുന്നത് നിലവിൽ 2,70,800 ൽ എത്തി നിൽക്കുന്നു. 2023 മെയിൽ 16 വാർഡുകളിലും യൂസർഫീ ഇനത്തിൽ 100% എത്തിച്ചു.

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേരളത്തിൽ തന്നെ ഏറ്റവും മികച്ച RRF സംവിധാനങ്ങളോടു കൂടിയുള്ള എംസിഎഫ് പ്രവർത്തിക്കുന്നു. മറ്റു പഞ്ചായത്തുകളിൽ നിന്ന് വ്യത്യസ്തമായി ജൈവമാലിന്യവും അജൈവമാലിന്യവും ഹരിതകർമ്മസേനകൾ ശേഖരിക്കുന്നു, കൃത്യമായി കൈകാര്യം ചെയ്യുന്നു. അജൈവമാലിന്യ സംസ്കരണത്തിനായി രണ്ട് എംസിഎഫ്, ഒരു ആർആർഎഫ്, 15 മിനി എംസിഎഫ് എന്നിവയും ജൈവമാലിന്യ സംസ്കരണത്തിനായി അഞ്ച് തുമ്പൂർമുഴി മോഡൽ ഏറോബിക് കമ്പോസ്റ്റിങ്ങ് സംവിധാനവും പ്രവർത്തിക്കുന്നു.

### ചപ്പാരപ്പടവ്, കണ്ണൂർ
## നിങ്ങൾ ജനങ്ങളുടെ നിരീക്ഷണത്തിലാണ്

ചപ്പാരപ്പടവിൽ റോഡരികിൽ മാലിന്യം വലിച്ചെറിഞ്ഞു രക്ഷപെടാൻ എളുപ്പമല്ല. സി.സി. ടി. വി ഉള്ളതുകൊണ്ടല്ല, മറിച്ച് ഇത്തരക്കാർ അവിടുത്തെ ജനങ്ങളുടെ നിരീക്ഷണത്തിലാണ്. സമൂഹം തനിയെ മാറിയതല്ല, മാറ്റിയതാണ്. വിപുലമായ ഹരിത പാഠശാലകളിലൂടെ... നിരന്തര ബോധവൽക്കരണത്തിലൂടെ ചപ്പാരപ്പടവിലെ ജനങ്ങൾ മാറുകയായിരുന്നു. ഓട്ടോ, ടാക്സി ഡ്രൈവർമാർ പരിപാലിക്കുന്ന റോഡരികിലെ പൂന്തോട്ടങ്ങൾ, കുട്ടികൾ പരിപാലിക്കുന്ന സ്നേഹാരാമങ്ങൾ, ശുചിത്വത്തിനായ് വാർഡുകൾ തമ്മിൽ നിലനില്ക്കുന്ന സൗഹൃദമൽസരങ്ങൾ അങ്ങനെ നീളുന്നു ചപ്പാരപ്പടവിന്റെ ശുചിത്വമാലിന്യ പ്രവർത്തനങ്ങളുടെ നീണ്ട നിര. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ ജനങ്ങളിൽ എത്തിക്കാനായി ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 18 വാർഡുകളിലും കാൽനടയായി സന്ദർശിച്ചു. എല്ലാ വാർഡുകളിലും ശുചിത്വ സന്ദേശയാത്രക്കൊരുങ്ങാൻ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു, പൊതുശുചീകരണം, പുഴകളും ജലാശയങ്ങളും ശുചീകരണം, പ്രചാരണം എന്നിവ കൂടാതെ വീട്ടുമുറ്റ സദസ്സുകൾ ജനശ്രദ്ധ ആകർഷിക്കുന്നവയായിരുന്നു. 25 - 50 കുടുംബങ്ങൾ ചേരുന്ന യോഗങ്ങളായി 212 വീട്ടുമുറ്റ സദസ്സുകൾ നടത്തിയിട്ടുണ്ട്. ജൈവമാലിന്യം എങ്ങനെ സംസ്കരിക്കാം, അജൈവ മാലിന്യം എങ്ങനെ കൃത്യമായി ഹരിതകർമ്മസേനയ്ക്ക് കൈമാറണം , വീടുകളിലെയും പൊതു ഇടങ്ങളിലെയും ശുചിത്വം, സാമൂഹിക ശുചിത്യ സംവിധാനങ്ങൾ എന്നിവയാണ് ഹരിതകർമ്മസേനയുടെ പ്രധാനലക്ഷ്യം. കുട്ടികളിൽ






ശുചിത്വശീലം വളർത്തിയെടുക്കാൻ 2022 നവംബർ , ഡിസംബർ മാസങ്ങളിൽ ഗ്രാമപഞ്ചായത്തിലെ 11 സ്കൂളുകളിൽ കുട്ടികൾക്കും അധ്യാപകർക്കുമായി ബോധവൽക്കരണയോഗങ്ങൾ സംഘടിപ്പിച്ചു. വിദ്യാഭ്യാസം ചർച്ച ചെയ്യേണ്ട പാഠങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും എന്ന് ഇതിലൂടെ തിരിച്ചറിവുണ്ടായി. വാതിൽപ്പടി ശേഖരണം, യൂസർ ഫീ, വലിച്ചെറിയൽമുക്തം എന്നിവ സമ്പൂർണ്ണമാക്കാൻ ഈ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചു.

## പെരിന്തൽമണ്ണ,മലപ്പുറം
## ഈ പറക്കും തളിക

'ഈ പറക്കും തളിക' എന്ന സിനിമയിലെ താമരാക്ഷൻ പിള്ള ബസ്സും സുന്ദരനും ഉണ്ണിയുമെല്ലാം പ്രേക്ഷകരുടെ ഹൃദയം കവർന്നിട്ട് 22 വർഷം പിന്നിടുകയാണ്. ഈ ചിത്രത്തിലെ തല്ലിപ്പൊളി വണ്ടി താമരാക്ഷൻ പിള്ള ഇപ്പോൾ വീണ്ടും പെരിന്തൽമണ്ണയിൽ ഹിറ്റായിരിക്കുകയാണ്. സിനിമയിൽ താമരാക്ഷൻ പിള്ള കോമഡിയാണെങ്കിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ ഈ വണ്ടി മിനി മാലിന്യ സംസ്കരണ കേന്ദ്രമാണ്.

പെരിന്തൽമണ്ണ നഗരസഭയാണ് മാലിന്യസംസ്കരണത്തിന്റെ ഈ താമരാക്ഷൻ പിള്ള മോഡലിന്റെ പ്രയോക്താക്കൾ.




**സിനിമയിൽ താമരാക്ഷൻ പിള്ള കോമഡിയാണെങ്കിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ ഈ വണ്ടി മിനി മാലിന്യ സംസ്കരണ കേന്ദ്രമാണ്**

മാലിന്യസംസ്കരണത്തിൽ ജനങ്ങളെ ആകർഷിച്ച് എങ്ങിനെ ബോധവൽക്കരണം നടത്താമെന്ന ആലോചനയിൽനിന്നും രൂപംകൊണ്ട ആശയമാണ് താമരാക്ഷൻ പിള്ള ബസ്സിലൂടെ ഇവർ നടപ്പിലാക്കിയത് .

നഗരസഭാപരിധിയിൽ നിന്നും ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന മാലിന്യം തരം തിരിക്കാനുള്ള മിനി എംസിഎഫ് ആയാണ് ബസ്സ് ഒരുക്കിയിരിക്കുന്നത്. ഇവിടെ നിന്നും തരം തിരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയ മാലിന്യസംസ്കരണകേന്ദ്രത്തിലേക്ക് കയറ്റി അയക്കുന്നു. പൊതുജനങ്ങൾക്കും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ബസ്സിൽ നിക്ഷേപിക്കാം.


നേരത്തെ പൊട്ടിപ്പൊളിഞ്ഞ വാഹനങ്ങൾ കൂട്ടിയിട്ടിരുന്ന പ്രദേശമായിരുന്നു ഇത്. നാട്ടുകാർക്കും യാത്രക്കാർക്കും ശല്യമായതോടെ മറ്റു വാഹനങ്ങൾ നീക്കിയെങ്കിലും വൃത്തിയാക്കിയവർ ഈ ബസ്സ് മാത്രം വിവിധ കാരണങ്ങളാൽ ഇവിടെ ഉപേക്ഷിച്ചിരുന്നു . പിന്നീട് നഗരസഭ ആരോഗ്യവിഭാഗവും അങ്ങാടിപ്പുറം ഗവ:പോളി ടെക്നിക് കോളേജിലെ എൻഎസ്എസ് വിദ്യാർഥികളും ചേർന്ന് ബസ് മോടി പിടിപ്പിച്ചതോടെ താമരാക്ഷൻ പിള്ള പെരിന്തൽമണ്ണയിൽ പുനർജനിച്ചു. ദിലീപ് അവതരിപ്പിച്ച ഉണ്ണിയെയും ഹരിശ്രീ അശോകന്റെ സുന്ദരേശനേയും സുന്ദരേശനെ കറക്കിയ എലിയേയും വരെ ബസ്സിൽ വരച്ചുചേർത്തിട്ടുണ്ട്. പെരിന്തൽമണ്ണ നഗരസഭ ഓഫീസിന് മുൻപിലാണ് ഈ ബസ് എംസിഎഫ് സ്ഥാപിച്ചിരിക്കുന്നത്. ബസ്സിന് സമീപം പൊതുജനങ്ങൾക്കുള്ള ഇരിപ്പിടവും ഒരുക്കിയിട്ടുണ്ട്. മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി നാടും നഗരവും ശാസ്ത്രീയമാലിന്യസംസ്കരണം യാഥാർഥ്യമാക്കുമ്പോൾ പെരിന്തൽമണ്ണയിലെ താമരാക്ഷൻ പിള്ളയും അതിൽ പങ്കാളിയാവുകയാണ്.■

# പുതുചരിത്രം ഈ ജനകീയ സംവാദയാത്ര



നവ
കേരള
സദസ്സ്
ജനകീയ മന്ത്രിസഭ
ജനങ്ങൾക്കൊപ്പം

കേരളത്തിലെ ജനാധിപത്യത്തിന്റെയും ഭരണനിർവഹണത്തിന്റെയും ചരിത്രത്തിൽ ദീപ്തമായ പുതിയ ഒരധ്യായം രചിച്ച ഒന്നായി നവകേരളസദസ്സ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ നവകേരളസൃഷ്ടിയെക്കുറിച്ച് ജനങ്ങളുമായി സംവദിക്കാൻ 140 മണ്ഡലങ്ങളിലൂടെ സഞ്ചരിച്ചപ്പോൾ ഒഴുകിയെത്തിയ ജനക്കൂട്ടത്തിനും അത് നവ്യാനുഭവമായി. നവകേരളസദസ്സിന്റെ ജില്ലകളിൽനിന്നുള്ള ദൃശ്യങ്ങളാണ് തുടർപേജുകളിൽ.



**കാസർഗോഡ്**

# സപ്തഭാഷാ സംഗമഭൂമിയിൽ തുടക്കം

ചരിത്രത്താളുകളിൽ പുതിയ നേട്ടം രചിച്ച് മുഖ്യമന്ത്രിയും ഇരുപത് മന്ത്രിമാരും സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും ജനങ്ങളുമായി സംവദിക്കുന്ന നവകേരള സദസ്സിന്റെ യാത്ര കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം പൈവളിഗെയിൽ നിന്ന് നവംബർ 18ന് ആരംഭിച്ചു

18, 19 തീയതികളിലായി കാസർകോട് ജില്ലയിൽ മഞ്ചേശ്വരം, കാസർകോട്, ഉദുമ, കാഞ്ഞങ്ങാട്,തൃക്കരിപ്പൂർ നിയോജക മണ്ഡലങ്ങളിൽ നവകേരളസദസ്സ് ജനസാഗരം ഒരേ മനസ്സോടെ ഇരുകൈയും നീട്ടി സ്വീകരിക്കുകയായിരുന്നു.



### എരിഞ്ചേരിയിൽ ആയുർവേദ ഡിസ്പെൻസറിക്ക് സ്ഥലം

നവകേരളസദസ്സിന്റെ സാർഥകതയായി എരിഞ്ചേരിയിൽ ആയുർവേദ ഡിസ്പെൻസറിക്ക് 17 സെന്റ് സ്ഥലം ജില്ലാ കളക്ടർ അനുവദിച്ചു. ഉദുമ നിയോജക മണ്ഡലത്തിലെ നവകേരള സദസ്സിൽ നൽകിയ നിവേദനത്തെ തുടർന്നാണ് ജില്ലാകളക്ടർ സ്ഥലം അനുവദിച്ചത്.മുളിയാർ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡായ എരിഞ്ചേരിയിൽ ഒമ്പത് വർഷമായി വാടകക്കെട്ടിടത്തിലാണ് ഡിസ്പെൻസറി പ്രവർത്തിക്കുന്നത്.

### 14232 നിവേദനങ്ങൾ

ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിൽ നിന്നുമായി 14232 നിവേദനങ്ങളാണ് ലഭിച്ചത്.

| | |
|---|---|
| മഞ്ചേശ്വരം | 1908 |
| കാസർഗോഡ് | 3451 |
| ഉദുമ | 3733 |
| കാഞ്ഞങ്ങാട് | 2840 |
| തൃക്കരിപ്പൂർ | 2300 |

### ടൂറിസം വികസനം

കാസർകോട് ജില്ലയിലെ ടൂറിസം മേഖല നല്ല രീതിയിൽ മെച്ചപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വികസനത്തിന്റെ സ്വാദ് കേരളത്തിലെ ഓരോ മനുഷ്യനും ഓരോ കുടുംബത്തിനും ആസ്വദിക്കാൻ കഴിയണം എന്നതാണ് സർക്കാരിന്റെ വികസന കാഴ്ചപ്പാടെന്നും മുഖ്യമന്ത്രി പറഞ്ഞു■




ചിത്രങ്ങൾ : ഐപിആർഡി



കണ്ണൂർ

# നാടിന്റെ സ്നേഹോഷ്മളതയിൽ



## 28584 നിവേദനങ്ങൾ

| | |
|---|---|
| പയ്യന്നൂർ | 2554 |
| കല്യാശ്ശേരി | 2469 |
| തളിപ്പറമ്പ് | 2289 |
| ഇരിക്കൂർ | 2493 |
| അഴീക്കോട് | 2357 |
| കണ്ണൂർ | 2500 |
| ധർമടം | 2849 |
| തലശ്ശേരി | 2264 |
| കൂത്തുപറമ്പ് | 2477 |
| മട്ടന്നൂർ | 3350 |
| പേരാവൂർ | 2982 |

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നാരംഭിച്ച നവകേരള സദസ്സിന് വൻവരവേല്പാണ് കല്യാശ്ശേരി, തളിപ്പറമ്പ്, ഇരിക്കൂർ, അഴീക്കോട്, കണ്ണൂർ, ധർമടം, തലശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, പേരാവൂർ മണ്ഡലങ്ങളിൽ ലഭിച്ചത്. ഓരോ മണ്ഡലങ്ങളിലും വൻജനാവലി മുഖ്യമന്ത്രിയേയും മന്ത്രിമാരേയും സ്വീകരിക്കാനായി അണമുറിയാതെ എത്തി.

വിവിധ സ്കൂളുകളിലെ വിദ്യാർഥികളുടെ കലാപരിപാടികളോടെയാണ് നവകേരള സദസ്സിന് തുടക്കമായത്. തിരുവാതിര, മാർഗംകളി, ഒപ്പന തുടങ്ങിയ വിവിധ കലാപരിപാടികൾ സദസ്സിന്റെ മനംകീഴടക്കി.

> മന്ത്രിസഭയൊട്ടാകെ ജില്ലയിലെ പ്രഭാത സംഗമങ്ങളിൽ ക്ഷണിക്കപ്പെട്ട അതിഥികളുമായും സംവദിച്ചാണ് ഓരോ ദിവസവും കടന്നുപോയത്.




മന്ത്രിസഭയൊട്ടാകെ ജില്ലയിലെ പ്രഭാത സംഗമങ്ങളിൽ ക്ഷണിക്കപ്പെട്ട അതിഥികളുമായും സംവദിച്ചാണ് ഓരോ ദിവസവും കടന്നുപോയത്. ആദിവാസി ഗോത്ര മൂപ്പൻ, സമുന്നതരായ സാഹിത്യകാരന്മാർ, മതപുരോഹിതർ, മതപണ്ഡിതർ, ബിസിനസുകാർ, കായിക താരങ്ങൾ, കലാകാരൻമാർ, യുവാക്കൾ, ട്രാൻസ്ജെൻഡർമാർ തുടങ്ങി സമൂഹത്തിന്റെ പരിച്ഛേദം കണ്ണൂരിലെ പ്രഭാത യോഗങ്ങളിൽ കാണാമായിരുന്നു.

### ആറളത്ത് കൈവശാവകാശ രേഖ നല്കും

ആറളം ഫാമിലെ കൈവശക്കാർക്ക് മൂന്ന് മാസത്തിനകം ഭൂമിയുടെ കൈവശാവകാശ രേഖ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭൂദാനം കോളനി പ്രശ്നവും പട്ടുവത്തെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നവും പരിഹരിക്കുമെന്ന് റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ അറിയിച്ചു.

ഇരിക്കൂറിൽ 828 കോടിയുടെ ജലവിഭവ പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.■



നവ കേരള സദസ്സ്

വയനാട്

# മഴയിലും തോരാത്ത ആവേശം

കൽപ്പറ്റ, സുൽത്താൻ ബത്തേരി, മാനന്തവാടി നിയോജക മണ്ഡലങ്ങളിലായി അരലക്ഷത്തോളം ആളുകളാണ് നവകേരള സദസ്സിലെത്തിയത്. കാലം തെറ്റി പെയ്ത മഴയിലും ആവേശം ഒട്ടും കുറയാതെ മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുത്ത നവകേരള സദസ്സ് ജനസാഗരമായി മാറി.

തോട്ടം, കാർഷികതൊഴിൽ മേഖലകൾ തുടങ്ങി സമൂഹത്തിന്റെ നാനാമേഖലകളിൽ നിന്നുമുള്ള ജനപങ്കാളിത്തം നവകേരള സദസ്സിനെ ശ്രദ്ധേയമാക്കി. നവകേരളസദസ്സിന്റെ മുന്നോടിയായി കല്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തിൽ നടന്ന പ്രഭാതയോഗവും ക്ഷണിക്കപ്പെട്ട അതിഥികളാൽ സമ്പന്നമായിരുന്നു. ഇരുന്നൂറോളം പേരെയാണ് നവകേരള സദസ്സ് പ്രഭാതയോഗത്തിലേക്ക് പ്രത്യേകമായി ക്ഷണിച്ചത്. പതിമൂന്നുപേർ മുഖ്യമന്ത്രിയുമായുള്ള നേരിട്ടുള്ള സംവാദത്തിൽ പങ്കാളികളായി.



> കുപ്പിവെള്ളം ഉപയോഗം പരമാവധി കുറച്ചു. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഭക്ഷണശാലയും പൂർണ്ണമായും ഹരിതചട്ടം പാലിച്ചാണ് പ്രവർത്തിപ്പിച്ചത്.

**18,823 നിവേദനങ്ങളാണ് ജില്ലയിലെ മൂന്നിടങ്ങളിൽ നിന്നുമായി ലഭിച്ചത്.**

കല്പറ്റയിൽ 7877

സുൽത്താൻ ബത്തേരിയിൽ 5021

മാനന്തവാടിയിൽ 5925

## ഹരിതസദസ്സ്

ജില്ലയിൽ നടന്ന നവകേരള സദസ്സ് പൂർണ്ണമായും ഹരിതചട്ടം പാലിച്ചു. കല്പറ്റ, മാനന്തവാടി, ബത്തേരി മണ്ഡലങ്ങളിലായി നടന്ന നവകേരള സദസ്സിൽ നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ അടക്കമുള്ള എല്ലാ ഡിസ്പോസിബിൾ വസ്തുക്കളും പൂർണ്ണമായും ഒഴിവാക്കിയിരുന്നു. ഹരിതചട്ടം പാലിച്ച് നടന്ന പരിപാടിയിൽ സ്റ്റീൽപാത്രങ്ങളും സ്റ്റീൽ ഗ്ലാസുകളുമാണ് ഉപയോഗിച്ചത്.



കുപ്പിവെള്ളം ഉപയോഗം പരമാവധി കുറച്ചു. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഭക്ഷണശാലയും പൂർണ്ണമായും ഹരിതചട്ടം പാലിച്ചാണ് പ്രവർത്തിപ്പിച്ചത്. നഗരസഭകളുടെ നേതൃത്വത്തിൽ വേദിയും പരിസരവും മാലിന്യ മുക്തമാക്കുന്നതിനായി ഹരിത കർമ്മസേനാംഗങ്ങളുടെ നേതൃത്വത്തിൽ മികച്ച പ്രവർത്തനവും നടത്തി. നവകേരളസദസ്സിന്റെ എല്ലാ വേദികൾക്ക് സമീപവും ജൈവ- അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രത്യേക ബിന്നുകളും സ്ഥാപിച്ചിരുന്നു.

## തുരങ്കപാത

ആനക്കാംപൊയിൽ- കള്ളാടി- മേപ്പാടി തുരങ്കപാതക്കാവശ്യമായ മുഴുവൻ തുകയും കിഫ്ബി വഴി കണ്ടെത്തും. തുരങ്കപാതയുടെ രൂപരേഖ തയ്യാറാക്കാൻ കൊങ്കൺ റെയിൽവേ കോർപ്പറേഷനെ ചുമതലപ്പെടുത്തി. പദ്ധതിക്ക് ഏകദേശം 2134 കോടി രൂപയാണ് ചെലവ് വേണ്ടിവരികയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.■



കോഴിക്കോട്

# ചരിത്രഭൂമിയുടെ മനം നിറച്ച്

## 45,897 നിവേദനങ്ങൾ

മൂന്ന് ദിവസത്തെ സദസ്സ് സമാപിച്ചപ്പോൾ 13 നിയമസഭാ മണ്ഡലങ്ങളിൽ നിന്നായി ആകെ ലഭിച്ചത് 45,897 നിവേദനങ്ങൾ.

ആദ്യദിനം ലഭിച്ചത് 14,852 നിവേദനങ്ങളും രണ്ടാം ദിവസം 16,048 ഉം മൂന്നാം ദിവസം 14,997 നിവേദനങ്ങളുമാണ് ലഭിച്ചത്. പേരാമ്പ്ര-4316, നാദാപുരം-3985, കുറ്റ്യാടി-3963, വടകര-2588, ബാലുശ്ശേരി-5461, കൊയിലാണ്ടി-3588, എലത്തൂർ-3224, കോഴിക്കോട് നോർത്ത്-2258, കോഴിക്കോട് സൗത്ത്-1517, തിരുവമ്പാടി-3827, കൊടുവള്ളി-3600, കുന്ദമംഗലം-4171, ബേപ്പൂർ-3399 എന്നിങ്ങനെയാണ് മണ്ഡലം തിരിച്ചുള്ള കണക്ക്.

നവംബർ 24ന് രാവിലെ വടകരയിലെ പ്രഭാതസദസ്സോടെ തുടങ്ങി നവംബർ 26 രാത്രി ബേപ്പൂർ മണ്ഡലത്തിലെ നല്ലൂരിലാണ് കോഴിക്കോട് ജില്ലയിലെ നവകേരള സദസ്സ് സമാപിച്ചത്.

### ഇരുകൈകളില്ലെങ്കിലും അമൻ വരച്ചു മുഖ്യമന്ത്രിയെ

ബേപ്പൂർ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിനെത്തിയപ്പോഴാണ് മുഖ്യമന്ത്രി പിണറായി വിജയന് കാലു കൊണ്ട് വരച്ച ചിത്രം അമൻ അലി സമ്മാനിച്ചത്. സ്നേഹം ചാലിച്ച് വരച്ച ചിത്രം നിറഞ്ഞ സന്തോഷത്തോടെ മുഖ്യമന്ത്രി ഏറ്റുവാങ്ങി. വെളുത്ത പേപ്പറിൽ മുഖ്യമന്ത്രിയുടെ ചിരിക്കുന്ന മുഖം വരച്ചെടുത്ത് ഫ്രെയിം ചെയ്താണ് സമ്മാനിച്ചത്. വെറും ഒരു മണിക്കൂർ മാത്രം സമയമെടുത്താണ് അമൻ അലി മുഖ്യമന്ത്രിയുടെ ചിത്രം വരച്ചത്.

ചിത്രരചന ക്ലാസ്സിനൊന്നും അമൻ അലി പോയിട്ടില്ല. യൂട്യൂബ് നോക്കിയാണ് ചിത്രം വരക്കാൻ പഠിച്ചത്. അരക്കിണർ





മുഖ്യമന്ത്രി പിണറായി വിജയന് കാലു കൊണ്ട് വരച്ച ചിത്രം അമൻ അലി സമ്മാനിക്കുന്നു.



> കോഴിക്കോടിനെ വയനാടുമായി ബന്ധിപ്പിക്കുന്ന ഇരട്ടതുരങ്കപാതയുടെ നിർമ്മാണം രണ്ടര വർഷത്തിനകം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.



സ്വദേശികളായ റസിയയുടെയും നൗഷാദിന്റെയും മകനാണ് ഒൻപതാം ക്ലാസ്സുകാരനായ അമൻ അലി.

## ഭിന്നശേഷിക്കാരുടെ ആവശ്യങ്ങളുമായി വീൽചെയർ റൈറ്റ്സ് കൂട്ടായ്മ

കൊടുവള്ളി മണ്ഡലം നവകേരള സദസ്സിന്റെ നിവേദന കൗണ്ടറിൽ ഭിന്നശേഷിക്കാരുടെ വ്യത്യസ്ത ആവശ്യങ്ങൾ ഉന്നയിച്ച് വീൽചെയർ റൈറ്റ്സ് ഓർഗനേസേഷൻ ഭാരവാഹികൾ. വിനോദ സഞ്ചാര മേഖലകൾ ഭിന്നശേഷി സൗഹൃദമാക്കുക, ഓഫീസുകൾ, പൊതുഇടങ്ങൾ ഉൾപ്പടെ റാമ്പുകൾ സ്ഥാപിക്കുക, ഭിന്നശേഷി നിയമനം നടത്തുക, മുടങ്ങിപ്പോയ പെൻഷൻ കുടിശ്ശിക തീർക്കുക തുടങ്ങിയ ആവശ്യങ്ങളാണ് നിവേദനത്തിൽ ആവശ്യപ്പെട്ടത്.

കോഴിക്കോടിനെ വയനാടുമായി ബന്ധിപ്പിക്കുന്ന ഇരട്ടതുരങ്കപാതയുടെ നിർമ്മാണം രണ്ടര വർഷത്തിനകം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു.■

> വിനോദ സഞ്ചാര മേഖലകൾ ഭിന്നശേഷി സൗഹൃദമാക്കുക, ഓഫീസുകൾ, പൊതുഇടങ്ങൾ ഉൾപ്പടെ റാമ്പുകൾ സ്ഥാപിക്കുക, ഭിന്നശേഷി നിയമനം നടത്തുക, മുടങ്ങിപ്പോയ പെൻഷൻ കുടിശ്ശിക തീർക്കുക തുടങ്ങിയവയാണ് നിവേദനത്തിൽ ആവശ്യപ്പെട്ടത്





## മലപ്പുറം

# സ്ത്രീകളുടെയും കുട്ടികളുടെയും വൻപങ്കാളിത്തം

### ആകെ ലഭിച്ചത് 80,785 നിവേദനങ്ങൾ

| | |
|---|---|
| പൊന്നാനി | 4192 |
| തവനൂർ | 3766 |
| തിരൂർ | 4094 |
| താനൂർ | 2814 |
| വള്ളിക്കുന്ന് | 4778 |
| തിരൂരങ്ങാടി | 4317 |
| കോട്ടയ്ക്കൽ | 3673 |
| വേങ്ങര | 3967 |
| മഞ്ചേരി | 5683 |
| കൊണ്ടോട്ടി | 7259 |
| മങ്കട | 4122 |
| മലപ്പുറം | 4781 |
| ഏറനാട് | 7605 |
| നിലമ്പൂർ | 7458 |
| വണ്ടൂർ | 7188 |
| പെരിന്തൽമണ്ണ | 5088 |

കേരളത്തിന്റെ പുതിയ യുഗത്തിന് തുടക്കം കുറിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവംബർ 27 മുതൽ 30 വരെ നടന്ന 16 നവകേരള സദസ്സുകൾക്ക് പുറമെ മൂന്ന് പ്രഭാത സദസ്സുകളും മലപ്പുറം ജില്ലയിൽ സംഘടിപ്പിച്ചു.

തിരൂർ ബിയാൻകോ കാസിലിൽ പ്രഭാത സദസ്സോടെയാണ് ജില്ലയിലെ നവകേരള സദസ്സ് ആരംഭിച്ചത്. പ്രത്യേക ക്ഷണിതാക്കളായെത്തിയവർ ആവശ്യങ്ങളും ആശയങ്ങളും മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും മുൻപിൽ അവതരിപ്പിച്ചു.

നവംബർ 27ന് പൊന്നാനി, തവനൂർ, തിരൂർ, താനൂർ മണ്ഡലങ്ങളിലും 28ന് വള്ളിക്കുന്ന്, തിരൂരങ്ങാടി, വേങ്ങര, കോട്ടക്കൽ മണ്ഡലങ്ങളിലും 29 ന് കൊണ്ടോട്ടി, മഞ്ചേരി, മങ്കട, മലപ്പുറം മണ്ഡലങ്ങളിലും നവംബർ 30 ന് ഏറനാട്, നിലമ്പൂർ, വണ്ടൂർ, പെരിന്തൽമണ്ണ മണ്ഡലങ്ങളിലും നവകേരള സദസ്സ് സംഘടിപ്പിച്ചു .








> സദസ്സ് ആരംഭിക്കുന്നതിന്റെ മൂന്നുമണിക്കൂർ മുന്നേതന്നെ എല്ലാ മണ്ഡലങ്ങളിലും കൗണ്ടറുകൾ ആരംഭിച്ചിരുന്നു. സ്ത്രീകൾക്കും ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേകം പരിഗണന ലഭിച്ചു

മൂന്ന് മേഖലകളിലായാണ് ജില്ലയിൽ പ്രഭാത സദസ്സ് സംഘടിപ്പിച്ചത്. തിരൂർ, പൊന്നാനി, തവനൂർ, താനൂർ, തിരൂരങ്ങാടി മണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രഭാതസദസ്സ് തിരൂരിലും കൊണ്ടോട്ടി, മഞ്ചേരി, കോട്ടക്കൽ, വള്ളിക്കുന്ന്, വേങ്ങര മണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രഭാത സദസ്സ് മലപ്പുറത്തും മങ്കട, പെരിന്തൽമണ്ണ, നിലമ്പൂർ, വണ്ടൂർ, ഏറനാട് മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന പ്രഭാത സദസ്സ് പെരിന്തൽമണ്ണയിലും ചേർന്നു.

പ്രായഭേദമെന്യേ നിരവധിപേരാണ് നവകേരളസദസ്സിനായി മണിക്കൂറുകൾക്ക് മുന്നേ വേദികളിലെത്തിയത്. സ്ത്രീകളുടെയും കുട്ടികളുടെയും വൻപങ്കാളിത്തം തന്നെ മിക്കയിടത്തും കാണാമായിരുന്നു. ജോലിസംബന്ധമായും സഹായം ആവശ്യപ്പെട്ടും മറ്റ് പൊതു ആവശ്യങ്ങളുമായി നിരവധിപേരാണ് പരാതിപരിഹാര കൗണ്ടറുകളിലെത്തിയത്. സദസ്സ് ആരംഭിക്കുന്നതിന്റെ മൂന്നുമണിക്കൂർ മുന്നേതന്നെ എല്ലാ മണ്ഡലങ്ങളിലും കൗണ്ടറുകൾ ആരംഭിച്ചിരുന്നു. സ്ത്രീകൾക്കും ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേകം പരിഗണന ലഭിച്ചു. എസ്.പി.സി, എൻ.സി.സി, എൻ.എസ്.എസ്, സന്നദ്ധ സംഘടനകൾ, വളണ്ടിയർമാർ തുടങ്ങിയവർ ആളുകളെ സഹായിക്കാനായി രംഗത്തുണ്ടായിരുന്നു. ലഭിക്കുന്ന പരാതികളിൽ കൈപ്പറ്റ് രസീത് നൽകാനും ഉദ്യോഗസ്ഥരും യഥാസമയം തന്നെ ജാഗ്രതയോടെ പ്രവർത്തിച്ചത് കൗണ്ടറുകളിലെത്തിയവർക്ക് ഏറെ സഹായകരമായി മാറി.

പെരിന്തൽമണ്ണ മണ്ഡലം നവകേരള സദസ്സോടെയാണ് ജില്ലയിലെ പര്യടനം സമാപിച്ചത്

## ജനുവരി 31നകം പട്ടയം നൽകും

നിലമ്പൂർ താലൂക്കിൽ റവന്യൂ വകുപ്പിന് കൈമാറി കിട്ടിയ നിക്ഷിപ്ത വനഭൂമിയിൽ ജനുവരി 31നകം പട്ടയം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിലമ്പൂർ മണ്ഡലം നവകേരള സദസ്സിൽ അറിയിച്ചു. തുക്കൈകുത്ത്, നെല്ലിക്കുഴി, അത്തിക്കൽ ഭാഗങ്ങളിലായി 568 കുടുംബങ്ങൾക്കാണ് പട്ടയം നൽകുക.■



പാലക്കാട്

# കരുതലും സാന്ത്വനവും

12 നിയമസഭാ മണ്ഡലങ്ങളിൽ നിന്നായി ആകെ ലഭിച്ചത് 61204 നിവേദനങ്ങൾ.

| | |
|---|---|
| മലമ്പുഴ | 7067 |
| പാലക്കാട് | 5281 |
| നെന്മാറ | 6536 |
| ആലത്തൂർ | 6664 |
| ഷൊർണൂർ | 3424 |
| ഒറ്റപ്പാലം | 4506 |
| തരൂർ | 4525 |
| ചിറ്റൂർ | 4981 |
| മണ്ണാർക്കാട് | 5885 |
| കോങ്ങാട് | 4512 |
| പട്ടാമ്പി | 3404 |
| തൃത്താല | 4419 |

പാലക്കാട് ജില്ലയിൽ നവകേരള സദസ്സ് ഡിസംബർ 1, 2, 3 തീയതികളിലായാണ് നടന്നത്. 12 മണ്ഡലങ്ങളുള്ളതിൽ ഷൊർണ്ണൂരിലെ പ്രഭാതയോഗത്തോടെയും തുടർന്ന് തൃത്താലയിലുമായാണ് സദസ്സിന് തുടക്കമിട്ടത്. ഷൊർണ്ണൂർ, പാലക്കാട്, ചിറ്റൂർ മണ്ഡലങ്ങളിലാണ് പ്രഭാതയോഗം നടന്നത്.

മൂന്ന് ദിവസം നീണ്ട പര്യടനത്തിൽ ജില്ലയിലെ വികസനപ്രശ്നങ്ങളും ജനക്ഷേമപദ്ധതികളും ചർച്ചയായി. തൃത്താല മണ്ഡലത്തിൽനിന്ന് ആരംഭിച്ച നവകേരള സദസ്സ് തരൂരിൽനടന്ന സദസ്സോടെ പാലക്കാട് ജില്ലയിൽ സമാപിച്ചു.

എല്ലായിടത്തും ഭിന്നശേഷിക്കാർ, വയോജനങ്ങൾ, സ്ത്രീകൾ എന്നിവർക്കായി പ്രത്യേകം കൗണ്ടറുകൾ ഒരുക്കിയിരുന്നു. ഓരോ വേദിയിലും പരിപാടി തുടങ്ങുന്നതിന്റെ മൂന്ന് മണിക്കൂർ മുന്നേ നിവേദനം സ്വീകരിച്ചു തുടങ്ങിയിരുന്നു.

## ജില്ലു മോൾക്ക് ഭിന്നശേഷിദിന പാരിതോഷികമായി ഫോർവീലർ ഡ്രൈവിങ് ലൈസൻസ്

നവകേരള സദസിന്റെ ഭാഗമായി കല്ലേപ്പുള്ളി ക്ലബ് 6 കൺവെൻഷൻ സെന്ററിൽ നടന്ന പ്രഭാത യോഗത്തിൽഇടുക്കി സ്വദേശിനി ജില്ലു മോൾമേരി തോമസിന് ഭിന്നശേഷി ദിന പാരിതോഷികമായി മുഖ്യമന്ത്രി പിണറായി വിജയൻ ഫോർവീലർ ഡ്രൈവിങ് ലൈസൻസ് കൈമാറി. ഇരുകൈകളും ഇല്ലാത്ത ഒരു വ്യക്തിക്ക് ഫോർവീലർ ഡ്രൈവിങ് ലൈസൻസ് ലഭിക്കുന്ന ഏഷ്യയിലെ തന്നെ ആദ്യ വനിതയാണ് ജില്ലു. കഴിഞ്ഞ അഞ്ച് വർഷമായി ഫോർവീലർഡ്രൈവിങ് ലൈസൻസ് ലഭിക്കുന്നതിനുള്ള പരിശ്രമത്തിലായിരുന്നു ജില്ലു. സംസ്ഥാന ഭിന്നശേഷി കമ്മിഷന്റെ ഇടപെടലിൽഎറണാകുളം ആർ.ടി.ഒ












പ്രസ്തുത കേസ് പരിശോധിച്ച് നിരവധി ഓൺലൈൻഹിയറിങ്ങുകളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചത്.

ഇരുകൈകളുടെയും അഭാവത്തിൽസുരക്ഷിതമായി ഡ്രൈവ് ചെയ്യാൻകഴിയുന്ന വിധം ജിലുവിന്റെ മോട്ടോർകാർപ്രവർത്തനത്തിൽമാറ്റം

**ഇരുകൈകളും ഇല്ലാത്ത ഒരു വ്യക്തിക്ക് ഫോർവീലർ ഡ്രൈവിങ്ങ് ലൈസൻസ് ലഭിക്കുന്ന ഏഷ്യയിലെ തന്നെ ആദ്യ വനിതയാണ് ജിലു**

വരുത്തി ഡ്രൈവിങ് ടെസ്റ്റ് നടത്തി ലൈസൻസിങ് അതോറിറ്റി ഡ്രൈവിങ് ലൈസൻസ് നൽകുകയായിരുന്നു. 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ 41 (2) വകുപ്പ് പ്രകാരം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന്, തങ്ങളുടെ വാഹനങ്ങളുടെ ഘടനയിൽകാര്യമായ മാറ്റങ്ങൾവരുത്താതെ, അവയുടെ പ്രവർത്തന രീതിയിൽഅനുയോജ്യമായ മാറ്റങ്ങൾവരുത്തി ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഓരോ സാംസ്കാരിക കേന്ദ്രങ്ങൾ നടപ്പാക്കി വരികയാണെന്നും നിയോജക മണ്ഡലത്തിൽസാംസ്കാരിക കേന്ദ്രങ്ങൾനിർമ്മിക്കുന്നത് സംബന്ധിച്ച് പരിഗണിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.■

തൃശ്ശൂർ

# ഒരേ മനസ്സോടെ



## 54,260 നിവേദനങ്ങൾ

നാല് ദിവസത്തെ നവകേരള സദസ്സിൽ 54,260 നിവേദനങ്ങളാണ് ലഭിച്ചത്.

| | |
|---|---|
| കൊടുങ്ങല്ലൂർ | 3016 |
| ഇരിങ്ങാലക്കട | 4274 |
| കയ്പമംഗലം | 4443 |
| കുന്നംകുളം | 4228 |
| ഗുരുവായൂർ | 4468 |
| പുതുക്കാട് | 4269 |
| ചേലക്കര | 4525 |
| നാട്ടിക | 4977 |
| ഒല്ലൂർ | 5072 |
| വടക്കാഞ്ചേരി | 4102 |
| മണലൂർ | 4123 |
| തൃശ്ശൂർ | 2820 |
| ചാലക്കുടി | 3943 |

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് നിന്ന് തുടങ്ങിയ യാത്ര തൃശ്ശൂർ ജില്ലയിലെ പതിമൂന്ന് മണ്ഡലങ്ങളിലൂടെയും കടന്നു പോയപ്പോൾ നിറഞ്ഞ സദസ്സോടും ഹർഷാരവത്തോടെയുമാണ് മന്ത്രിസഭയെ ജനങ്ങൾ വരവേറ്റത്.

ഡിസംബർ നാലിന് രാവിലെ കിലയിൽ നടന്ന പ്രഭാതസദസ്സോടെയാണ് ജില്ലയിലെ നവ കേരളസദസ്സിന് തുടക്കം കുറിച്ചത്. സമൂഹത്തിന്റെ വ്യത്യസ്തതുറകളിലുള്ള ജനവിഭാഗങ്ങൾ അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ആശയങ്ങളുമെല്ലാം പങ്കുവെച്ചു. ഒളകര ആദിവാസി ഊര് മൂപ്പത്തി ഭൂമി പ്രശ്നം പ്രഭാത സദസ്സിനു മുന്നിൽ അവതരിപ്പിച്ചപ്പോൾ രണ്ടര പതിറ്റാണ്ട് കാലത്തെ സ്വപ്നസാക്ഷാത്കാരത്തിന് സാക്ഷ്യം വഹിക്കാൻ നവകേരള സദസ്സിനായി. 110 വയസ്സായ തൃശ്ശൂരിന്റെ മുത്തശ്ശി ജാനകിയും മുഖ്യമന്ത്രിയെ നേരിട്ട് കാണാനെത്തിയത് നവകേരള സദസ്സിനെ ആവേശഭരിതമാക്കി. ഒല്ലൂർ നിയോജക മണ്ഡലത്തിൽ 280 മലയോര പട്ടയങ്ങൾ നല്കിയും നവകേരള സദസ്സ് ജനഹൃദയങ്ങൾ കീഴടക്കി.

### മണിപ്പൂരിൽ നിന്നുള്ള കുട്ടികളും എത്തി

മുഖ്യമന്ത്രിയെയും മറ്റ മന്ത്രിമാരെയും കാണാനും നവകേരളസദസ്സിനെ അറിയാനും മണിപ്പൂരിൽ നിന്നുള്ള










കുട്ടികളും എത്തി. ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിലെ എംഎസ് സി മൈക്രോബയോളജി, സുവോളജി,ബോട്ടണി, ബി എസ് ഡബ്ല്യു, ഫാഷൻ ഡിസൈനിങ്, സൈക്കോളജി വിഷയങ്ങളിലെ 13 മണിപ്പൂർ സ്വദേശികളായ വിദ്യാർഥിനികളും പുല്ലൂർ സെന്റ് സേവിയേഴ്സ് ഐടിഐ

> മുഖ്യമന്ത്രിയെയും മറ്റു മന്ത്രിമാരെയും കാണാനും നവകേരളസദസ്സിനെ അറിയാനും മണിപ്പൂരിൽ നിന്നുള്ള കുട്ടികളും എത്തി.

യിലെ ഇലക്ട്രിക്കൽ കോഴ്സ് പഠിക്കുന്ന 12 ആൺകുട്ടികളുമാണ് വേദിയിലെത്തിയത്. സെന്റ് ജോസഫ് കോളേജിലെ മണിപ്പൂർ വിദ്യാർഥിനികൾ തുടർ പഠനത്തിനായി കേരളത്തിലേക്ക് എത്തിയതായിരുന്നു.

## അനീഷയ്ക്ക് വീട്ടിലിരുന്ന് പത്താം ക്ലാസ് പരീക്ഷ എഴുതണം

മസ്കലാർ ഡിസ്ട്രോഫി എന്ന അസുഖത്തോട് പടപൊരുതി തന്റെ



ആഗ്രഹങ്ങൾക്കായി കഠിനപ്രയത്നം ചെയ്യുന്ന അനീഷ അഷറഫ് പുതിയ തലമുറയ്ക്ക് മാതൃകയാണ്. അസുഖത്തെ തുടർന്ന് അഞ്ചാം ക്ലാസിൽ പഠനം നിർത്തി വർഷങ്ങൾക്കിപ്പുറം 32ാം വയസ്സിൽ സാമൂഹികനീതി വകുപ്പിന്റെ പ്രത്യേക അനുമതിയിൽ തളിക്കുളത്തെ തന്റെ വീട്ടിലിരുന്ന് സാക്ഷരതാമിഷന്റെ ഏഴാം തരം പരീക്ഷ എഴുതി അനീഷ. ഇനി പത്താംതരം പരീക്ഷയും വീട്ടിലിരുന്ന് എഴുതണം, ജനറ്റിക് ടെസ്റ്റ് സൗജന്യമായി നടത്താനുള്ള സൗകര്യം മെഡിക്കൽ കോളേജുകളിൽ ഒരുക്കണം എന്നിവയാണ് ആവശ്യങ്ങൾ. മന്ത്രിമാരെ നേരിൽകണ്ട് തന്റെ ആവശ്യങ്ങൾ പങ്കുവച്ചു. സാമൂഹികനീതി- ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു തുടർവിദ്യാഭ്യാസം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങൾക്കും സർക്കാർ ഒപ്പമുണ്ടാകുമെന്ന ഉറപ്പുനൽകി. അനീഷയെ കണ്ട് വിവരങ്ങൾ അന്വേഷിച്ച ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ആവശ്യമായ എല്ലാ ആരോഗ്യ സേവനങ്ങളും എത്രയും പെട്ടെന്ന് ജനറ്റിക് ടെസ്റ്റ് ഉൾപ്പെടെയുള്ള ചികിത്സകൾ തുടങ്ങാമെന്നും ഉറപ്പ് നൽകി. സംസ്ഥാന ഭിന്നശേഷി ബെസ്റ്റ് റോൾ മോഡൽ 2023 അവാർഡ് ജേതാവ് കൂടിയാണ് അനീഷ. അറിയപ്പെടുന്ന ഒരു എഴുത്തുകാരിയാകാനാണ് അനീഷയ്ക്ക് ആഗ്രഹം.■



എറണാകുളം

# സമഗ്രവികസനത്തിന്റെ സാക്ഷ്യമായി

നവകേരള നിർമ്മിതിക്കായുള്ള ആശയങ്ങൾ ചർച്ച ചെയ്യുന്നതിനും പൊതുജനങ്ങളുമായി സംവദിക്കുന്നതിനുമായി മന്ത്രിസഭയൊന്നാകെ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന നവകേരള സദസ്സിന് എറണാകുളം ജില്ലയിൽ ഊഷ്മളമായ സ്വീകരണമാണ് ലഭിച്ചത്. ജനലക്ഷങ്ങൾ ജില്ലയിൽ സദസ്സിൽ പങ്കുചേർന്നു.

2024 ഡിസംബർ 6 ന് രാത്രി എട്ടരയോടെ എറണാകുളം ജില്ലയുടെ അതിർത്തിയായ അങ്കമാലി കറുകുറ്റിയിൽ നവകേരള ബസ് പ്രവേശിച്ചു. ഡിസംബർ ഏഴ് മുതൽ 10 വരെയാണ് എറണാകുളം ജില്ലയിൽ നവകേരള സദസ്സ് നിശ്ചയിച്ചിരുന്നത്. ഡിസംബർ 7 ന് അങ്കമാലി, ആലുവ, പറവൂർ മണ്ഡലങ്ങളിലും 8 ന് വൈപ്പിൻ, കൊച്ചി, കളമശേരി, എറണാകുളം മണ്ഡലങ്ങളിലും 9 ന് തൃപ്പൂണിത്തുറ, തൃക്കാക്കര, പിറവം, കുന്നത്തുനാട് മണ്ഡലങ്ങളിലും 10 ന് പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ മണ്ഡലങ്ങളിലുമാണ് നവകേരള സദസ്സ് തീരുമാനിച്ചത്. എന്നാൽ കാനം രാജേന്ദ്രന്റെ മരണത്തെ തുടർന്ന് 9 ന് നടക്കേണ്ടിയിരുന്ന നവകേരള സദസ്സും 10 ന് നടക്കേണ്ടിയിരുന്ന പ്രഭാതസദസ്സും റദ്ദാക്കിയിരുന്നു. മാറ്റിവെച്ച സദസ്സുകൾ ജനുവരി 1, 2 തീയതികളിലായി നടന്നു.

ഡിസംബർ 7ന് രാവിലെ ഒൻപതിന് അങ്കമാലി അഡ്ലക്സ് കൺവെൻഷൻ സെന്ററിലും 8 ന് രാവിലെ 9 ന് കലൂർ ഐഎംഎ ഹാളിലുമാണ് പ്രഭാതസദസ്സുകൾ നടന്നത്.

## ജില്ലയിലെ 14 മണ്ഡലങ്ങളിലായി ആകെ 52450

നിവേദനങ്ങളാണ് ലഭിച്ചത്.

| | |
|---|---|
| അങ്കമാലി | 3123 |
| ആലുവ | 4238 |
| പറവൂർ | 5459 |
| കളമശേരി | 4425 |
| വൈപ്പിൻ | 4336 |
| കൊച്ചി | 3909 |
| എറണാകുളം | 2056 |
| പെരുമ്പാവൂർ | 5000 |
| കോതമംഗലം | 3911 |
| മൂവാറ്റുപുഴ | 3874 |
| തൃക്കാക്കര | 2614 |
| പിറവം | 3063 |
| തൃപ്പൂണിത്തുറ | 3458 |
| കുന്നത്തുനാട് | 2984 |







## വാട്ടർ മെട്രോ യാത്ര

പ്രഭാത സദസ്സിനു ശേഷം കേരളത്തിന്റെ അഭിമാനമായ കൊച്ചി വാട്ടർ മെട്രോയിൽ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും യാത്ര ചെയ്തു. മുഖ്യമന്ത്രി ഉൾപ്പടെ ഭൂരിപക്ഷം മന്ത്രിമാരും ആദ്യമായാണ് വാട്ടർ മെട്രോയിൽ യാത്ര ചെയ്തത്. നവകേരള സദസ്സിന്റെ ഭാഗമായി എറണാകുളത്ത് നിന്ന് വൈപ്പിനിലേക്ക് കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്തത് തികച്ചും വ്യത്യസ്തമായ അനുഭവമായെന്ന് കൊച്ചി വാട്ടർ മെട്രോയ്ക്ക് ആശംസകൾ നേർന്ന് യാത്രയ്ക്കിടയിൽ മുഖ്യമന്ത്രി സന്ദർശക ഡയറിയിൽ കുറിച്ചു.

## നഗരങ്ങളുടെ വികസനത്തിന് അർബൻ കമ്മീഷൻ രൂപവൽകരിക്കും

സംസ്ഥാനത്തെ നഗരങ്ങളുടെ പ്രത്യേക വികസനത്തിന് അന്താരാഷ്ട്ര വിദഗ്ധർ അടങ്ങുന്ന അർബൻ കമ്മീഷൻ രൂപവൽക്കരണ ഘട്ടത്തിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നവകേരള സദസ്സിനോടനുബന്ധിച്ച് കലൂർ ഐഎംഎ ഹൗസിൽ സംഘടിപ്പിച്ച പ്രഭാതസദസ്സിൽ കൊച്ചിയുടെ നഗരവികസനം സംബന്ധിച്ച ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കൊച്ചിയുടെ നഗരവികസന മാസ്റ്റർപ്ലാൻ നല്ല നിലയിൽ പുരോഗമിക്കുകയാണ്. വെള്ളക്കെട്ട് പ്രശ്നം മികച്ച രീതിയിൽ പരിഹരിക്കാനായത് നേട്ടം തന്നെയാണ്. നഗരത്തിലെ മുഴുവൻ റോഡുകളും രണ്ട് മണിക്കൂർ കൊണ്ട് ശുചീകരിക്കാൻ കഴിയുന്ന രണ്ട് അത്യാധുനിക സ്വീപ്പിങ് യന്ത്രങ്ങളും എറണാകുളത്തിന് സ്വന്തമായി. കൊച്ചിയുടെ സമഗ്രവികസനത്തിന് സർക്കാരും കോർപ്പറേഷനും ഒത്തൊരുമിച്ചാണ് പ്രവർത്തിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.■

നവ കേരള സദസ്സ്



ഇടുക്കി

# മലയോരത്തിന്റെ മനസ്സറിഞ്ഞ്

| ആകെ 42,234 നിവേദനങ്ങൾ | |
|---|---|
| തൊടുപുഴ | 9434 |
| ഇടുക്കി | 8203 |
| ദേവികുളം | 9774 |
| ഉടുമ്പഞ്ചോല | 6088 |
| പീരുമേട് | 8735 |

തൊടുപുഴ, ഇടുക്കി, ദേവികുളം, ഉടുമ്പഞ്ചോല, പീരുമേട് മണ്ഡലങ്ങളിൽ നടന്ന നവകേരള സദസ്സ് മലയോരജില്ല ഒരേ മനസ്സോടെ ഇരുകൈയും നീട്ടി സ്വീകരിക്കുകയായിരുന്നു. സംസ്ഥാന സർക്കാർ കഴിഞ്ഞ ഏഴ് വർഷം സംസ്ഥാനത്തും ജില്ലയിലും വിവിധ മേഖലകളിൽ നടപ്പാക്കിയ വികസന പദ്ധതികൾ ഓരോ മന്ത്രിമാരും മണ്ഡലങ്ങളിൽ സദസ്സുമായി പങ്കുവെച്ചു. തൊടുപുഴയിൽ നിന്ന് തുടങ്ങി പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ പഞ്ചായത്ത് മൈതാനത്ത് സമാപനം കുറിച്ചപ്പോൾ ജില്ലയുടെ വികസനപാതയിൽ നവകേരള സദസ്സ് പുതിയ ഏട് സൃഷ്ടിക്കുകയായിരുന്നു. ഓരോ സദസ്സും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധയാകർഷിച്ചു. അമ്പതിനായിരത്തിലേറെ ജനങ്ങളാണ് ജില്ലയിലെ സദസ്സുകളിൽ പങ്കെടുത്തത്.

നമ്മുടെ നാടിന്റെ ഭാവി ഭദ്രമാണ് എന്നാണ് നവകേരള സദസ്സിനെത്തുന്ന വൻജനസഞ്ചയം സാക്ഷ്യപ്പെടുത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തൊടുപുഴയിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞത്.

ജില്ലയിലെ നവകേരള സദസ്സിനോട് അനുബന്ധിച്ച് സംഘടിപ്പിച്ച പ്രഭാത സദസ്സിൽ ഇടുക്കിയുടെ സമഗ്രപുരോഗതിക്കുള്ള ഒട്ടേറെ നിർദേശങ്ങളാണുയർന്നത്. നിർദേശങ്ങൾ ഗൗരവത്തോടെയാണ് സർക്കാർ പരിഗണിക്കുന്നതെന്ന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

## ഹരിതകർമ്മസേനകൾ

ഇടുക്കിയിലെ നവകേരള സദസ്സുകളിൽ നിറസാന്നിധ്യമായി ജില്ലയിലെ ഹരിതകർമ്മ സേനകൾ. ഓരോ സദസ്സുകളിലും ഇടവേളകളില്ലാതെ ദ്രുതകർമ്മനിരതരായി മാലിന്യങ്ങൾ നീക്കം ചെയ്ത് മാതൃകയായി ഇവർ . ജില്ലയിലെ അഞ്ചു മണ്ഡലങ്ങളിലായി 250 അംഗങ്ങളാണ് മൂന്നു ദിവസങ്ങളിൽ പ്രവർത്തിച്ചത്.

തൊടുപുഴ - 53, ഇടുക്കി 30 ദേവികുളം- 103, ഉടുമ്പഞ്ചോല- 12, പീരുമേട് - 52 എന്നിങ്ങനെയാണ് ഓരോ മണ്ഡലം തിരിച്ചുള്ള അംഗങ്ങളുടെ പ്രവർത്തനം. ■





# കോട്ടയം
# ജില്ലയ്ക്കിത് നവ്യാനുഭവം



ഒമ്പതു നിയോജക മണ്ഡല ങ്ങളിൽ നിന്നായി 42,656 നിവേദനങ്ങൾ

| | |
|---|---|
| കോട്ടയം | 4512 |
| പുതുപ്പള്ളി | 4313 |
| കാഞ്ഞിരപ്പള്ളി | 4392 |
| ചങ്ങനാശേരി | 4656 |
| കടുത്തുരുത്തി | 3856 |
| പൂഞ്ഞാർ | 4794 |
| പാലാ | 3668 |
| ഏറ്റുമാനൂർ | 4798 |
| വൈക്കം | 7667 |



ജനാധിപത്യ പ്രക്രിയയിൽ രാജ്യം ഇതുവരെ കാണാത്ത അനുഭവം നൽകിയാണ് ജില്ലയിൽ ഡിസംബർ 12 മുതൽ 14 വരെ നവകേരള സദസ്സ് നടന്നത്. ഓരോ നിയോജകമണ്ഡലത്തിലും പതിനായിരക്കണക്കിനുപേർ പങ്കെടുത്തു. കേരളത്തിന്റെ സ്വപ്നങ്ങളും അതോടൊപ്പം ഭാവിപ്രതീക്ഷകളും ചർച്ചയായ വേദിയിൽ ജില്ലയിലെ അടിസ്ഥാന വികസനവും ചർച്ച ചെയ്തു.

ഡിസംബർ 12ന് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സെന്റ് മേരീസ് ലാറ്റിൻ ചർച്ച് ഗ്രൗണ്ടിലായിരുന്നു ജില്ലയിലെ നവകേരള സദസ്സിന്റെ തുടക്കം. ആദ്യദിനത്തിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലേത് പൊൻകുന്നം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലും പാലാ നിയോജകമണ്ഡലത്തിലേത് പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിലും നടന്നു.

ഡിസംബർ 13ന് കോട്ടയം ജറുസലേം മാർത്തോമ്മാ പള്ളി ഹാളിലെ പ്രഭാത യോഗത്തിൽ വിവിധ മേഖലയിൽ നിന്നുള്ള വിശിഷ്ടവ്യക്തികൾ മുഖ്യമന്ത്രി പിണറായി വിജയനുമായി സംവദിച്ചു. രണ്ടാംദിനത്തിൽ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ് ഏറ്റുമാനൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലും ചങ്ങനാശേരിയിലേത് എസ്.ബി. കോളജ് മൈതാനത്തും പുതുപ്പള്ളിയിലേത് പാമ്പാടി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഗ്രൗണ്ടിലും കോട്ടയത്തേത് തിരുനക്കര പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഗ്രൗണ്ടിലും നടന്നു. ഒഴുകിയെത്തിയ ജനക്കൂട്ടമാണ് ഓരോ മണ്ഡലങ്ങളിലും മന്ത്രിസഭയെ വരവേറ്റത്.

ഡിസംബർ 14 ന് കടുത്തുരുത്തി പാരിഷ് ഹാളിൽ നടന്ന പ്രഭാത യോഗത്തിൽ സമൂഹത്തിലെ നാനാതുറകളിൽ നിന്നുള്ളവർ വിശിഷ്ടവ്യക്തികൾ മുഖ്യമന്ത്രിയുമായി സംവദിച്ചു. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ് ദേവമാതാ കോളജ് ഗ്രൗണ്ടും വൈക്കത്തേത് വൈക്കം ബീച്ചിലും നടന്നു.■



ആലപ്പുഴ

# ഉത്സാഹഭരിതരായി പ്രതീക്ഷയോടെ ജനാവലി

## ആകെ 53,044 നിവേദനങ്ങൾ

| | |
|---|---|
| അരൂർ | 7,216 |
| ചേർത്തല | 6,965 |
| ആലപ്പുഴ | 5,265 |
| അമ്പലപ്പുഴ | 5981 |
| കുട്ടനാട് | 8012 |
| ഹരിപ്പാട് | 5,772 |
| കായംകുളം | 4,800 |
| മാവേലിക്കര | 4,117 |
| ചെങ്ങന്നൂർ | 4,916 |

നവകേരള സദസ്സിനായി ജില്ലയിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാർക്കും ഉജ്ജ്വലസ്വീകരണമാണ് ആലപ്പുഴ ജില്ല നൽകിയത്. ജില്ലയിൽനിന്നുള്ള മന്ത്രിമാരായ പി. പ്രസാദ്, സജി ചെറിയാൻ എന്നിവരുടെ നേതൃത്വത്തിൽ സദസ്സുമായി ബന്ധപ്പെട്ട് വളരെ നേരത്തെ തന്നെ ഒരുക്കങ്ങൾ നടത്തിയിരുന്നു. ജലമാർഗമാണ് മുഖ്യമന്ത്രിയും മന്ത്രിമാരും ആലപ്പുഴയിൽ പ്രവേശിച്ചത്. മന്ത്രിസഭ സഞ്ചരിച്ച ബസ് വൈക്കത്തെ സദസ്സിനു ശേഷം ജങ്കാർ വഴി തവണക്കടവിൽ എത്തിച്ചു. ഇതിനു സമാന്തരമായി പ്രത്യേക ബോട്ടിലാണ് മുഖ്യമന്ത്രിയും മന്ത്രിമാരും എത്തിയത്. സ്വാഗതം ചെയ്യാനായി മനോഹരമായി അലങ്കരിച്ച ചുണ്ടൻവള്ളത്തിന്റെ മാതൃകയും തവണക്കടവിൽ ഒരുക്കിയിരുന്നു. അരൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, കുട്ടനാട്,





ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ മണ്ഡലങ്ങളിലാണ് സദസ്സുകൾനടന്നത്.

നിറഞ്ഞ കൈയ്യടിയും ആർപ്പുവിളിയും കലാപ്രകടനങ്ങളും അഭിവാദ്യങ്ങളുമായാണ് ഓരോ വേദിയും ജനകീയ മന്ത്രിസഭയെ

> ഉൽപന്ന വൈവിധ്യ വത്കരണം ഉൾപ്പെടെ കയർവ്യവസായ മേഖലയുടെ സംരക്ഷണത്തിനായി സമഗ്ര ഇടപെടൽ നടത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. തീരദേശ ഹൈവേ നാടിന്റെ വലിയൊരു മാറ്റത്തിന് വഴിവെക്കും

വരവേറ്റത്. സദസ്സ് ആരംഭിക്കുന്നതിന് മണിക്കൂറുകൾക്ക മുമ്പ് തന്നെ ജനങ്ങൾ വേദിയിലെത്തി സ്ഥാനമുറപ്പിച്ച കാഴ്ചയാണ് എല്ലാ മണ്ഡലത്തിലും കാണാനായത്. കൊടികളും തോരണങ്ങളും ബലൂണുകളും തനത് ഉൽപന്നങ്ങളും കൊണ്ട് വേദി മനോഹരമാക്കാൻ ഓരോ മണ്ഡലവും മത്സരിച്ചു.

## വികസനവിഷയങ്ങൾ ഉയർത്തി പ്രഭാതയോഗങ്ങൾ

കയർ, കൃഷി, മത്സ്യബന്ധനം, കുടിവെള്ളം, ടൂറിസം, വ്യവസായം തുടങ്ങി പ്രധാന മേഖലകളും തീരദേശ ഹൈവേ, തോട്ടപ്പള്ളി സ്പിൽവേ, കാലവർഷക്കെടുതി തുടങ്ങി ഒട്ടേറെ വിഷയങ്ങളും ചർച്ചയായി. തീരദേശ പരിപാലന നിയമം, കടൽഭിത്തി നിർമ്മാണം, കായൽകയറുന്നതു കൊണ്ടുള്ള പ്രശ്നങ്ങൾ, ഹാർബർനിർമാണം തുടങ്ങിയ വിഷയങ്ങൾപ്രഭാത യോഗത്തിൽചർച്ചയായി. നാടിന്റെ വികസനവുമായി ബന്ധപ്പെട്ട് അതിഥികളുയർത്തിയ ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി പ്രഭാതയോഗത്തിൽമറുപടി നൽകി. ഉത്പന്ന വൈവിധ്യ വത്കരണം ഉൾപ്പെടെ കയർവ്യവസായ മേഖലയുടെ സംരക്ഷണത്തിനായി സമഗ്ര ഇടപെടൽനടത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. തീരദേശ ഹൈവേ നാടിന്റെ വലിയൊരു മാറ്റത്തിന് വഴിവെക്കും. ജില്ലയിൽരണ്ട് പ്രഭാതയോഗങ്ങളാണ് നടന്നത്.



തോട്ടപ്പള്ളി സ്പിൽവേയുടെ സുഗമമായ ജലമൊഴുക്കിന് പ്രവേശന കവാടത്തിലും ചാനലിലും അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് കേന്ദ്ര സർക്കാർസ്ഥാപനമായ ഐ.ആർ.ഇ.എല്ലിന് അനുമതി നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി വാർത്തസമ്മേളനത്തിൽവ്യക്തമാക്കി.

വലിയ തോതിൽവെള്ളപ്പൊക്ക ഭീഷണി നേരിടുന്ന ജില്ലയായ ആലപ്പുഴയിൽസ്പിൽവേയുടെ മണൽനീക്കം ചെയ്തും വീതിയും ആഴവും കൂട്ടിയും സർക്കാർകാഴ്ചവച്ച കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി വെള്ളപ്പൊക്ക ദുരിതം അനുഭവിക്കുന്നവരുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളിൽഗണ്യമായി കുറഞ്ഞതായി മുഖ്യമന്ത്രി പറഞ്ഞു. ഖനനം പൊതുമേഖലയിൽമാത്രമേ പാടുള്ളൂ എന്ന ഉറച്ച നിലപാടാണ് സർക്കാരിനെന്നും അദ്ദേഹം വ്യക്തമാക്കി.■

നവ കേരള സദസ്സ്



## പത്തനംതിട്ട

# വികസനത്തിളക്കത്തിൽ സംതൃപ്തരായി

**ആകെ ലഭിച്ചത് 23,610 നിവേദനങ്ങൾ**

| | |
|---|---|
| തിരുവല്ല | 4840 |
| ആറന്മുള | 5558 |
| റാന്നി | 3964 |
| കോന്നി | 4516 |
| അടൂർ | 4732 |

നവകേരളസദസ്സ് പത്തനംതിട്ടയിൽ ഡിസംബർ 16, 17 തിയതികളിലായി നടന്നു.

ഡിസംബർ 16 ന് വൈകുന്നേരം ആറിന് തിരുവല്ല എസ്‌സിഎസ് ഗ്രൗണ്ടിൽ ജില്ലയിലെ ആദ്യസദസ്സ് അരങ്ങേറി. 17-ന് രാവിലെ ഒൻപതിന് ആറൻമുള മണ്ഡലത്തിലെ സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ സമൂഹത്തിന്റെ വിവിധ മേഖലയിലെ പ്രമുഖരുമായി മുഖ്യമന്ത്രിയും മന്ത്രിമാരും സംവദിക്കുന്ന പ്രഭാതസദസ്സ് നടന്നു. തുടർന്ന് മുഖ്യമന്ത്രി മാധ്യമങ്ങളെ അഭിസംബോധന ചെയ്തു. രാവിലെ 11 ന് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിലും ഉച്ച കഴിഞ്ഞു മൂന്നിന് റാന്നി മണ്ഡലത്തിലെ സദസ്സ് റാന്നി മാർ സേവിയസ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലും നാലിന് കോന്നി മണ്ഡലത്തിലെ സദസ്സ് കെഎസ്ആർടിസി ബസ് സ്റ്റാൻഡിലും ആറിന് അടൂർ മണ്ഡലത്തിലെ സദസ്സ് വൈദ്യൻസ് ഗ്രൗണ്ടിലും അരങ്ങേറി.

ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, സ്ത്രീകൾ എന്നിവർക്കുൾപ്പെടെ 20 മുതൽ 25 കൗണ്ടറുകളാണ് മണ്ഡലങ്ങളിൽ ഏർപ്പെടുത്തിയിരുന്നത്.





## ബൈപാസും മലയോരഹൈവേയും

തിരുവല്ല ബൈപാസും മലയോരഹൈവേയും വലിയ

> തിരുവല്ല ബൈപാസും മലയോരഹൈവേയും വലിയ മാറ്റമാണ് പത്തനംതിട്ടയിൽ സൃഷ്ടിച്ചത്.

മാറ്റമാണ് പത്തനംതിട്ടയിൽ സൃഷ്ടിച്ചത്. യാത്രാസൗകര്യങ്ങളുടെ വികസനം നാടിന്റെ മുഖച്ഛായ മാറ്റുകയും വാണിജ്യസാധ്യത വർധിപ്പിക്കുകയും ചെയ്യും. കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്കുള്ള ആറുവരിപ്പാതയും ശബരിമല എയർപോർട്ടും ത്വരിതഗതിയിൽ പൂർത്തിയാക്കും.

- മന്ത്രി കെ.എൻ.ബാലഗോപാൽ

## ഹൃദയപൂർവം ചിന്മയ് എത്തി നന്ദി പറയാൻ

തനിക്ക് പുതിയ ജീവിതം നൽകിയ സംസ്ഥാന സർക്കാരിനോട് നന്ദി പറയുവാനായി പന്തളം സ്വദേശി ടി.ആർ ചിന്മയ് നവകേരള



സദസ്സിലെത്തി. ഹൃദ്യം പദ്ധതിയിൽ ഹൃദയം മാറ്റിവച്ച ജില്ലയിലെ ആദ്യ ഗുണഭോക്താവാണ് അഞ്ചാം ക്ലാസ് വിദ്യാർഥിയായ ചിന്മയ്. പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടന്ന പ്രഭാത യോഗത്തിലാണ് ചിന്മയും കുടുംബവും തങ്ങളുടെ നന്ദി അറിയിക്കാനെത്തിയത്. പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ ചികിത്സയും ഹൃദയ ശസ്ത്രക്രിയയും പൂർണമായും സർക്കാർ ചെലവിൽ തന്നെ നടത്തുന്ന പദ്ധതിയാണ് ഹൃദ്യം. ചികിത്സക്ക് ശേഷവും സർക്കാർ കുട്ടികളുടെ ആരോഗ്യത്തെപ്പറ്റി അന്വേഷിക്കുന്നുണ്ടെന്നും മകൻ ഇപ്പോൾ പൂർണ ആരോഗ്യവാനാണെന്നും പിതാവ് രാജേഷും അമ്മ അമ്പിളിയും ഒരേ സ്വരത്തിൽ പറയുന്നു. ആരോഗ്യ മന്ത്രി വീണാ ജോർജിനോടൊപ്പം പ്രഭാത ഭക്ഷണവും കഴിച്ചാണ് ചിന്മയ് മടങ്ങിയത്.■



നവകേരള സദസ്സ്

## കൊല്ലം

# തൊഴിൽമേഖലയുടെ ഐക്യദാർഢ്യം



### ആകെ 50,938 നിവേദനങ്ങൾ ലഭിച്ചു

| | |
|---|---|
| പത്തനാപുരം | 3634 |
| പുനലൂർ | 4089 |
| കൊട്ടാരക്കര | 3675 |
| കുന്നത്തൂർ | 5454 |
| കരുനാഗപ്പള്ളി | 7768 |
| ചവറ | 5049 |
| കുണ്ടറ | 4857 |
| കൊല്ലം | 3627 |
| ഇരവിപുരം | 4105 |
| ചടയമംഗലം | 4526 |
| ചാത്തന്നൂർ | 4154 |

പരമ്പരാഗത തൊഴിലാളി മേഖലയുടെ മുന്നേറ്റചരിത്രമുള്ള കൊല്ലം ജില്ലയിലെ 12 നവകേരള സദസ്സുകളും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഡിസംബർ 18-20 തീയതികളിലായി നടന്ന സദസ്സിൽ കശുവണ്ടി, തോട്ടം, കാർഷിക, മത്സ്യത്തൊഴിലാളി തൊഴിൽമേഖലകൾ തുടങ്ങി സമൂഹത്തിന്റെ നാനാമേഖലകളിൽ നിന്നുമുള്ള ജനങ്ങൾ മന്ത്രിസഭയെ വരവേൽക്കാനെത്തി. പ്രഭാതയോഗങ്ങളും ക്ഷണിക്കപ്പെട്ട അതിഥികളാൽ സമ്പന്നമായിരുന്നു.

നിവേദനം സ്വീകരിക്കുന്നതിനായി 21 കൗണ്ടറുകളാണ് സജ്ജമാക്കിയത്. പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്, സിവിൽ ഡിഫൻസ്, മെഡിക്കൽ സേവനം, വോളന്റിയർ സേവനം എന്നിവയും ഒരുക്കിയിരുന്നു. സദസ്സിലെ മാലിന്യശേഖരണ പ്രവർത്തനങ്ങൾക്ക് ഹരിതകർമസേന നേതൃത്വം നൽകി.

ജില്ലയിൽ സദസ്സ് നടത്തിയ എല്ലാ ദിവസവും കലാപരിപാടികൾ സംഘടിപ്പിച്ചിരുന്നു. ജാസിഗിഫ്റ്റ്, അലോഷി, പ്രസീത ചാലക്കുടി, ബ്ലൂവെയിൽസ് ബാൻഡ്,





സാംസ്കാരിക വകുപ്പ് ഫെലോഷിപ് ജേതാക്കൾ തുടങ്ങിയവരാണ് കലാപരിപാടികൾ അവതരിപ്പിച്ച പ്രമുഖർ.



## മുഖ്യമന്ത്രിക്ക് സ്നേഹസമ്മാനം നൽകി കുഞ്ഞ് അർജ്ജുനും രഞ്ജിത്തും

ചവറ നിയോജകമണ്ഡലത്തിലെ നവകേരളസദസ്സിൽ മുഖ്യമന്ത്രിക്ക് സ്നേഹസമ്മാനം നൽകി കുഞ്ഞ് അർജ്ജുൻ. മെറ്റൽ എൻഗ്രേവിങ്ങ് വിദ്യയിലൂടെ വരച്ച മുഖ്യമന്ത്രിയുടെ ചിത്രമാണ് സമ്മാനിച്ചത്. ചവറ സ്വദേശികളായ അനൂപ്-അജന്ത ദമ്പതികളുടെ മകനായ അർജ്ജുൻ ശങ്കരമംഗലം ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ ആറാം ക്ലാസ്സ് വിദ്യാർഥിയാണ്.

> പാരിപ്പള്ളി മെഡിക്കൽ കോളജിൽ പുതിയ കാർഡിയോളജി വിഭാഗം തുടങ്ങാനുള്ള തസ്തികകൾ അംഗീകരിച്ചതായി ധനവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.



പാരിപ്പള്ളി മെഡിക്കൽ കോളജിൽ പുതിയ കാർഡിയോളജി വിഭാഗം തുടങ്ങാനുള്ള തസ്തികകൾ അംഗീകരിച്ചതായി ധനവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. കേരളത്തിലെ മെഡിക്കൽ കോളജുകളിലായി 271 തസ്തികകൾ അനുവദിച്ചു. മെഡിക്കൽ കോളജുകളെ അപ്ഗ്രേഡ് ചെയ്യാനും സൂപ്പർ സ്പെഷ്യാലിറ്റി അനുവദിക്കാനും പുതിയ വിഭാഗങ്ങൾ തുടങ്ങാനുമായാണ് തസ്തികകൾ അനുവദിച്ചതെന്നും ബാലഗോപാൽ.■



തിരുവനന്തപുരം

# തലസ്ഥാനജില്ലയുടെ മനസ്സ് കീഴടക്കി സമാപനം

**ആകെ 61,533 നിവേദനങ്ങൾ ലഭിച്ചു**

| | |
|---|---|
| വർക്കല | 8716 |
| ചിറയിൻകീഴ് | 4364 |
| ആറ്റിങ്ങൽ | 6238 |
| വാമനപുരം | 4590 |
| നെടുമങ്ങാട് | 4501 |
| അരുവിക്കര | 4802 |
| കാട്ടാക്കട | 2444 |
| നെയ്യാറ്റിൻകര | 5379 |
| പാറശാല | 5662 |
| കോവളം | 3765 |
| നേമം | 3031 |
| കഴക്കൂട്ടം | 3319 |
| തിരുവനന്തപുരം | 2180 |
| വട്ടിയൂർക്കാവ് | 2542 |

14 ജില്ലകളിലും അണമുറിയാതെ ഒഴുകിയെത്തിയ ജനലക്ഷങ്ങളുടെ മനസ്സിൽ ഒരിക്കലും മായാത്ത ഓർമ്മകൾ സമ്മാനിച്ച നവകേരള സദസ്സിന് തിരുവനന്തപുരം ജില്ലയിലായിരുന്നു ഔദ്യോഗിക സമാപനം. ഡിസംബർ 20ന് വൈകിട്ട് ആറുമണിക്ക് വർക്കല ശിവഗിരി മഠം ഓഡിറ്റോറിയത്തിൽനിന്നും ആരംഭിച്ച് ഡിസംബർ 23ന് വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലായിരുന്നു സമാപനസദസ്സ്.

വർക്കലയിലെ ആദ്യ നവകേരള സദസ്സിൽ തന്നെ പ്രതീക്ഷകൾക്കതീതമായി വൻജനക്കൂട്ടമെത്തിയിരുന്നു. 21 ന് ആറ്റിങ്ങലിലെ പ്രഭാതയോഗത്തോടെയായിരുന്നു രണ്ടാം ദിവസത്തിലെ പരിപാടികൾ ആരംഭിച്ചത്. 21 ന് ചിറയിൻകീഴ്, ആറ്റിങ്ങൽ, വാമനപുരം, നെടുമങ്ങാട് മണ്ഡലങ്ങളിലെ നവകേരള സദസ്സുകളും 22ന് കാട്ടാക്കട തുങ്ങാംപാറ ശ്രീ കാളിദാസ ഓഡിറ്റോറിയത്തിലായിരുന്നു





ജില്ലയിലെ രണ്ടാമത്തെ പ്രഭാതയോഗം. അരുവിക്കര, കാട്ടാക്കട, നെയ്യാറ്റിൻകര, പാറശാല മണ്ഡലങ്ങളിലെ സദസ്സുകളും നടന്നു.

അവസാന ദിവസമായ (ഡിസംബർ23) ഇടപ്പഴഞ്ഞി ആർ.ഡി.ആർ കൺവെൻഷൻ സെന്ററിലാണ് പ്രഭാതയോഗം നടന്നത്. തുടർന്ന് കോവളം, നേമം, കഴക്കൂട്ടം മണ്ഡലങ്ങളിലെ നവകേരള സദസ്സുകൾ നടന്നു വട്ടിയൂർക്കാവ് സെൻട്രൽ



പോളിടെക്നിക്ക് ഗ്രൗണ്ടിൽ വട്ടിയൂർക്കാവ്, തിരുവനന്തപുരം നിയോജകമണ്ഡലങ്ങളിലെ സംയുക്തപരിപാടിയിലാണ് ജില്ലയിലെ നവകേരള സദസ്സ് സമാപിച്ചത്.

## പൊതുവിടങ്ങൾ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കും: ഹിമയ്ക്ക് ഉറപ്പുനല്കി മുഖ്യമന്ത്രി

സംസ്ഥാനത്തെ പൊതുവിടങ്ങളിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുകയെന്നത് സർക്കാരിന്റെ നയമാണെന്നും ഇതിനായി ബാരിയർഫ്രീ കേരള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. നവകേരള സദസ്സിന്റെ ഭാഗമായി ആറ്റിങ്ങലിൽ നടന്ന പ്രഭാതയോഗ വേദിയിൽ വീൽച്ചെയറിലെത്തിയ ഹിമ മനുകുമാറിനോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആലംകോട് വഞ്ചിയൂർ സ്വദേശിയാണ് 41 കാരിയായ ഹിമ. സ്പൈനൽ മസ്കുലാർ അട്രോഫി പിടിപെട്ട ഹിമ 16 വർഷത്തിലധികമായി വീൽച്ചെയറിലാണ് ജീവിക്കുന്നത്. പ്രതിസന്ധികളിൽ തളരാതെ കൃഷിയും പൂന്തോട്ട പരിപാലനവും സാമൂഹിക സേവനവുമൊക്കെയായി സജീവമായ ഹിമ മികച്ചൊരു എഴുത്തുകാരി കൂടിയാണ്.

## തീരദേശ റോഡുകൾ നവീകരിക്കാൻ 1.30 കോടി രൂപയുടെ ഭരണാനുമതി

തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളായ



വെട്ടുകാട്-ചെറുവെട്ടുകാട് ബീച്ച് റോഡ്, വെട്ടുകാട് ചർച്ച് -വെട്ടുകാട് റോഡ്, ആൾസെയിന്റ്സ് കോളേജ്-വെട്ടുകാട് ചർച്ച് റോഡ് എന്നിവ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിന് 1.30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി മുൻ ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു അറിയിച്ചു. ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഹാർബർ എൻജിനീയറിങ് വിഭാഗമാണ് റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത്. നിരവധി വർഷങ്ങളായി സാധാരണ അറ്റകുറ്റപ്പണികൾമാത്രം ചെയ്തിരുന്ന ഈ റോഡുകൾ പുതിയ സാങ്കേതികവിദ്യയിൽ പുനരുദ്ധരിക്കും. റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതോടെ വിനോദസഞ്ചാരകേന്ദ്രങ്ങളായ ശംഖുമുഖത്തേക്കും വേളിയിലേക്കും തീർഥാടന കേന്ദ്രമായ വെട്ടുകാട് പള്ളിയിലേക്കുമുള്ള യാത്ര സുഗമമാകും.■

# ഹെലി ടൂറിസം

# പറന്നുയരാം, കാണാം സുന്ദരകേരളത്തെ

കേരളത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനായി വിനോദസഞ്ചാരവകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി. ഒരു ദിവസം കൊണ്ടുതന്നെ ജലാശയങ്ങളും കടൽത്തീരങ്ങളും മലനിരകളും ഉൾപ്പെട്ട കേരളത്തിന്റെ മനോഹരമായ ഭൂപ്രകൃതിയുടെ വൈവിധ്യം ആസ്വദിക്കുവാൻ പദ്ധതി അവസരമൊരുക്കും. 2023 ഡിസംബർ 30 ന ഹെലി ടൂറിസം ആദ്യഘട്ടത്തിനു നെടുമ്പാശ്ശേരി സിയാലിൽ തുടക്കമിട്ടു. കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് വേഗത്തിൽ വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് എത്തിപ്പെടാനും മനോഹരമായ ആകാശക്കാഴ്ചകൾ ആസ്വദിക്കാനും ഹെലിടൂറിസം പദ്ധതി സഹായിക്കും. മൂന്നാർ, വയനാട്, കുമരകം, ആലപ്പുഴ,അതിരപ്പിള്ളി തുടങ്ങി സംസ്ഥാനത്തെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളെല്ലാം ആകാശസഞ്ചാരത്തിൽ ഉൾപ്പെടുന്നു.

ദീർഘസമയമുള്ള പാക്കേജ് റൈഡുകളും ഹ്രസ്വമായ ഹെലി റൈഡുകളും പദ്ധതിയിലുണ്ട്.

കേരളത്തെ അനുഭവിച്ചറിയുവാൻ ഇവിടെയെത്തുന്ന വിനോദസഞ്ചാരികൾക്ക് യാത്രയിലും അനുബന്ധകാര്യങ്ങളിലുമായി നഷ്ടമാകുന്ന വിലയേറിയ സമയം പരമാവധി കുറയ്ക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും.



**കേരളം മുഴുവൻ ഒറ്റദിവസം കൊണ്ട് കാണാൻ ഹെലി ടൂറിസം പദ്ധതി**

നിരക്ക് ഉൾപ്പെടെ കൂടുതൽ വിവരങ്ങൾക്ക് keralatourism.org

# വർക്കലയിൽ ഫ്ളോട്ടിങ്ങ് ബ്രിഡ്ജ്

കേരളത്തിൽ ബീച്ച് ടൂറിസത്തിന് വലിയ സാധ്യതയാണുള്ളത്. ഇത് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി തീരദേശ ജില്ലകളിൽ ഫ്ളോട്ടിങ്ങ് ബ്രിഡ്ജ് സ്ഥാപിക്കുന്ന ടൂറിസം വകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ ഫ്ളോട്ടിങ്ങ് ബ്രിഡ്ജ് വർക്കല പാപനാശം ബീച്ചിൽ ആരംഭിച്ചു.

സംസ്ഥാനത്തെ ഏഴാമത്തെ ഫ്ളോട്ടിങ്ങ് ബ്രിഡ്ജാണ് വർക്കലയിലേത്. കടലിനു മുകളിൽ പൊങ്ങിക്കിടക്കുന്ന പാലത്തിലൂടെ തിരമാലകളുടെ ചലനത്തിനൊപ്പം സഞ്ചരിക്കാനാകുമെന്നതാണ് ഫ്ളോട്ടിങ്ങ് ബ്രിഡ്ജിന്റെ സവിശേഷത. 100 മീറ്റർ നീളവും മൂന്ന് മീറ്റർ വീതിയുമുള്ള പാലത്തിന് ഇരുവശങ്ങളിലും തൂണുകളുമുണ്ട്. പാലം അവസാനിക്കുന്നിടത്ത് 11 മീറ്റർ നീളവും ഏഴ് മീറ്റർ വീതിയുമുള്ള പ്ലാറ്റ്ഫോം ഉണ്ട്. ഇവിടെനിന്ന് സന്ദർശകർക്ക് കടൽക്കാഴ്ചകൾ ആസ്വദിക്കാം. ഒരേസമയം 100 സന്ദർശകർക്ക് ബ്രിഡ്ജിൽ പ്രവേശിക്കാം. രാവിലെ 11 മുതൽ വൈകുന്നേരം 5 വരെയാണ് പ്രവേശനം.

700 കിലോഗ്രാം ഭാരമുള്ള നങ്കൂരം ഉപയോഗിച്ചാണ് പാലത്തെ ഉറപ്പിച്ചു നിർത്തിയിരിക്കുന്നത്. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന




1400 ഹൈ ഡെൻസിറ്റി ഫ്ളോട്ടിങ്ങ് പോളി എത്തിലീൻ ബ്ലോക്കുകൾ ഉപയോഗിച്ചാണ് പാലം നിർമ്മിച്ചത്. സുരക്ഷാ ബോട്ടുകൾ, ലൈഫ് ജാക്കറ്റ്, ലൈഫ് ഗാർഡുകൾ എന്നിവയുൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

ബീച്ച് ടൂറിസത്തിന്റെ സാധ്യത മനസ്സിലാക്കി കടലിനെ ടൂറിസവുമായി കോർത്തിണക്കി മുന്നോട്ടുപോകാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. ജലകായിക വിനോദങ്ങൾക്ക് അനുയോജ്യമായ തീരമാണ് കേരളത്തിന്റേത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ കുറവാണ്. ഇത് ബീച്ചുകളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ ടൂറിസം മേഖലക്ക് മികച്ച വരുമാനം ലഭിക്കും.

കഴിഞ്ഞ മാസം നടന്ന പ്രഥമ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ ബീച്ച് ടൂറിസത്തിൽ നിക്ഷേപത്തിന് താൽപര്യം പ്രകടിപ്പിച്ച് നിരവധി നിക്ഷേപകരാണ് മുന്നോട്ടുവന്നത്. ഇത് ഉൾക്കൊണ്ട് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ കൂടുതൽ ബീച്ച് ടൂറിസം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.


സംസ്ഥാനത്തെ പ്രധാന വിനോദ, തീർഥാടന കേന്ദ്രമെന്ന നിലയിൽ വർക്കലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള മാസ്റ്റർപ്ലാൻ 2024 ൽ നടപ്പിലാകും. നിലവിൽ നിരവധി വാട്ടർ സ്പോർട്സ് ഇനങ്ങളുള്ള വർക്കലയിൽ ഫ്ളോട്ടിങ്ങ് ബ്രിഡ്ജ് പോലുള്ള പുതിയ പദ്ധതികൾ കൂടുതൽ സഞ്ചാരികളെ ആകർഷിക്കും. ഇതിലേക്കായി വർക്കല ബീച്ചിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി നിരവധി പദ്ധതികളാണ് നടപ്പാക്കുന്നത്. ■



**കഴിഞ്ഞ മാസം നടന്ന പ്രഥമ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ ബീച്ച് ടൂറിസത്തിൽ നിക്ഷേപത്തിന് താൽപര്യം പ്രകടിപ്പിച്ച് നിരവധി നിക്ഷേപകരാണ് മുന്നോട്ടുവന്നത്. ഇത് ഉൾക്കൊണ്ട് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ കൂടുതൽ ബീച്ച് ടൂറിസം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്**

സംസ്ഥാനത്തെ ഏഴാമത്തെ ഫ്ളോട്ടിങ്ങ് ബ്രിഡ്ജാണിത്

കെ. സച്ചിദാനന്ദൻ
കേരള സാഹിത്യ അക്കാദമി അധ്യക്ഷൻ



# ഗാന്ധിജിയുടെ മതവും മതേതരത്വവും

**ഗാന്ധി എല്ലാതരത്തിലുമുള്ള വർഗീയതകൾക്കും എതിരായിരുന്നു. വർഗീയത മതത്തിനുതന്നെ എതിരാണ് എന്നദ്ദേഹം വിശ്വസിച്ചു. രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വദിനമാണ് ജനുവരി 30**

ഗാന്ധി എന്തായിരുന്നു എന്ന് ഒരു വാചകത്തിൽ നിർവചിക്കുക അനായാസമായൊരു കാര്യമല്ല. നിരന്തരമായി പരിണമിച്ചു കൊണ്ടിരുന്ന ഒരു വ്യക്തിത്വമായിരുന്നു ഗാന്ധിയുടേത്. അദ്ദേഹം സമൂഹത്തിന്റെയും കാലത്തിന്റെയും മാറ്റത്തിനനുസരിച്ച് സ്വയം മാറാൻ തയ്യാറാവുകയും എങ്കിലും അപ്പോഴെല്ലാം തനിക്കു ബോധ്യപ്പെട്ട സത്യങ്ങളിൽ ഉറച്ചുനിൽക്കുകയും ചെയ്ത മഹാത്മാവായിരുന്നു. ഒരുപക്ഷെ നാം കണ്ടിട്ടുള്ള ഏറ്റവും വലിയ മഹാത്മാക്കളിൽ ഒരാൾ.


ബുദ്ധന്റെയും ക്രിസ്തുവിന്റെയും മൂല്യങ്ങൾ ഒരാളിൽ ഒന്നിച്ചു കൂടാമെങ്കിൽ ഒരുപക്ഷേ നമുക്ക് അതിനുദാഹരണമായി ചൂണ്ടിക്കാട്ടാനാവുക ഗാന്ധിയെ പോലെ ഒരാളെയായിരിക്കും എന്നു ഞാൻ കരുതുന്നു. അഹിംസാത്മകമായ പ്രതിരോധത്തിന്റെയും പരിസ്ഥിതി നാശം വരുത്താത്ത വിവേകമുള്ള വികസനത്തിന്റെയും അടിസ്ഥാനതല ജനാധിപത്യത്തിന്റെയും സർവമത സഹഭാവത്തിൽ അടിയുറച്ച മതേതരത്വത്തിന്റെയും ലോകം വിഴുങ്ങാനുള്ള മൂലധനത്തിന്റെ അത്യാർത്തികളെ പ്രതിരോധിക്കുന്ന തൃഷ്ണാദമനത്തിന്റെയും വർഗീയതയുടെ സകല അവതാരങ്ങളെയും നിരാകരിക്കുന്ന ആത്മീയതയുടെയും എല്ലാത്തരം ശ്രേണീകരണങ്ങളെയും അധിനിവേശങ്ങളെയും അധികാരഗർവിനെയും ചെറുക്കുന്ന മാനവസമത്വത്തിന്റെയും തിളക്കമുറ്റ പ്രതിനിധിയായി ഗാന്ധി ഇന്നു ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രസക്തി വർധിച്ച ഒരു കാലത്തിരുന്നു കൊണ്ടാണ് നാം സംസാരിക്കുന്നത്. പ്രത്യേകിച്ചും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലഘട്ടത്തിൽ, മനുഷ്യവംശത്തിന്റെ ഭാവി തന്നെ അപകടകരമായ ഒരു കാലത്ത് എത്രമാത്രം പ്രധാനമാണ് അദ്ദേഹത്തിന്റെ സന്ദേശം. അഹിംസയെക്കുറിച്ചുള്ള സന്ദേശം, പ്രകൃതിയുമായി സഹജീവിക്കണം നാം എന്ന സന്ദേശം, പ്രകൃതിയെ കീഴ്പ്പെടുത്തുകയല്ല വേണ്ടത് എന്ന അദ്ദേഹത്തിന്റെ ഉപദേശം, അത്യാഗ്രഹത്തെ നിയന്ത്രിക്കുക എന്ന അദ്ദേഹത്തിന്റെ തത്ത്വം.

## അഹിംസ എന്ന മൂല്യം

ഇവയെല്ലാം തന്നെ കൂടുതൽ പ്രധാനമായി വരുന്ന കാലത്താണ് നാം. കാരണം യുദ്ധങ്ങളുടെയും ലഹളകളുടെയും ഒരു കാലം കൂടിയാണിതെന്ന് നമുക്കറിയാം. അത് മണിപ്പൂരിലെ കലാപമായാലും ശരി, ഉക്രെയ്നിൽ നടക്കുന്ന യുദ്ധമായാലും ശരി, ഇത്തരത്തിൽ അനേകം പ്രദേശങ്ങളിൽ ചെറിയതും വലിയതുമായ കലാപങ്ങൾ അരങ്ങേറുകയും അതിൽ നിഷ്കളങ്കരായ മനുഷ്യർ ആഹുതി ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു കാലത്താണ് നാം. അത്തരം ഒരു കാലം ആവശ്യപ്പെടുന്ന ഏറ്റവും വലിയ മൂല്യങ്ങളിലൊന്ന് നിശ്ചയമായും അഹിംസയാണ്. ഏതൊരു വലിയ പ്രക്ഷോഭത്തിന്റെയും സമരത്തിന്റെയും അടിസ്ഥാനമൂല്യമായി വർത്തിക്കേണ്ട ഒന്ന് അഹിംസയാണ് എന്ന്, ആ അഹിംസയുടെ ശക്തി തെളിയിക്കുന്ന സമരങ്ങളിലൂടെ തന്നെ അദ്ദേഹം ധാരാളമായി നമുക്ക് കാണിച്ചുതന്നിട്ടുണ്ട്.

കേരളത്തിൽ തന്നെ നമുക്കറിയാം, എങ്ങനെയാണ് വൈക്കം സത്യാഗ്രഹം പോലുള്ള ഒരു വലിയ സംഭവത്തിൽ ഗാന്ധിയുടെ പങ്കാളിത്തം ഒരു വലിയ വഴിത്തിരിവായത് എന്ന്. അല്പം പോലും ഹിംസാത്മകമല്ലാതെ അതുവരെ അടിച്ചമർത്തപ്പെട്ടിരുന്ന മനുഷ്യർ വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള വഴികളിലൂടെ നടക്കാനുള്ള അവകാശം നേടിയെടുത്ത, അയിത്തത്തിനും ആ രീതിയിലുള്ള എല്ലാ അസമത്വങ്ങൾക്കും എതിരായ അനേകം സമരങ്ങൾക്ക് തുടക്കം കുറിച്ച നീക്കമായിരുന്നു അതെന്ന് നമുക്കറിയാം. വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി ആഘോഷിക്കുകയാണല്ലോ.

ഇതുപോലെയുള്ള അനേകം സമരങ്ങൾ-വിഭജനത്തിന് എതിരായ സമരം, വിഭജനത്തിനു ശേഷം പാകിസ്ഥാന് ഇന്ത്യ കൊടുക്കാമെന്നു പറഞ്ഞ തുക വാഗ്ദാനം ചെയ്യണം എന്നു പറഞ്ഞ, അദ്ദേഹത്തിന്റെ കൊലപാതകത്തിലേക്കുവരെ നയിച്ച സത്യഗ്രഹസമരം, പല ഘട്ടങ്ങളിലായി അദ്ദേഹം നടത്തിയ അനേകം അഹിംസാത്മക പ്രക്ഷോഭങ്ങൾ-ഇതെല്ലാം തന്നെ ഒരു യഥാർഥ ജനകീയ പ്രക്ഷോഭം എന്തായിരിക്കണം എന്നതിനു വലിയ മാതൃകകളാണ്. അത് ആയുധം കൊണ്ടല്ല, ഒരുപക്ഷേ ശത്രുവിന്റെ മനസ്സ് മാറ്റുന്നതിലൂടെയാണ്, നമ്മുടെ തന്നെ സഹനത്തിലൂടെയും അഹിംസാത്മകമായ എതിർപ്പിലൂടെ യുമാണ് ഏതു നേട്ടവും നേടേണ്ടത് എന്ന് തന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും കാണിച്ചുതന്ന മഹാത്മാവായിരുന്നു ഗാന്ധി.



ഡെത്ത് ഓഫ് ഗാന്ധി, ടോം വട്ടക്കുഴിയുടെ എണ്ണച്ചായ ചിത്രം, 2023

> മതങ്ങൾക്കതീതമായി ജനതയെ സ്നേഹിക്കാൻ, ദേശത്തെ സ്നേഹിക്കാൻ നമ്മെയെല്ലാം പഠിപ്പിക്കുന്ന ഒരു മഹാതത്ത്വമായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതേതരത്വം


## വർഗീയതയെ നിരാകരിക്കുന്ന ആത്മീയത

ഗാന്ധിയുടെ മതേതരത്വം പലപ്പോഴും നാം സാധാരണ മനസിലാക്കുന്നതുപോലെ മതമില്ലായ്മയല്ല. നേരെമറിച്ച് എല്ലാ മതവിശ്വാസങ്ങളുടെയും, ഒപ്പം തന്നെ മതങ്ങളിൽ വിശ്വസിക്കാത്തവരുടെയും ഒരു മൈത്രിയുടെ പേരാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതേതരത്വം. എല്ലാ മതങ്ങൾക്കും നിലനിൽക്കാൻ അവകാശമുണ്ടെന്നും ആ മതങ്ങളെ ചോദ്യം ചെയ്യാൻ മറ്റുള്ളവർക്ക് അവകാശമുണ്ടെന്നും ഒരേസമയം വിശ്വസിക്കുന്ന, മതങ്ങൾക്കതീതമായി ജനതയെ സ്നേഹിക്കാൻ, ദേശത്തെ സ്നേഹിക്കാൻ നമ്മെയെല്ലാം പഠിപ്പിക്കുന്ന ഒരു മഹാതത്ത്വമായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതേതരത്വം. വാസ്തവത്തിൽ അദ്ദേഹം ഉപയോഗിച്ചിരുന്ന വാക്ക് സർവമതസഹഭാവം എന്നായിരുന്നു. എല്ലാ മതങ്ങളുടെയും സഹഭാവം. എല്ലാ മതങ്ങളുടെയും ആത്യന്തികമായ മൂല്യങ്ങൾ ഒന്നുതന്നെയാണെന്നും ആത്യന്തികമായി അവയെല്ലാം ഒരേ ലക്ഷ്യത്തിലേക്കാണ് നയിക്കുന്നതെന്നുമുള്ള വിശ്വാസത്തിൽ നിന്നു വരുന്ന ആ മൈത്രിയെയാണ് അദ്ദേഹം സർവമത സഹഭാവം എന്ന വാക്കു കൊണ്ട് വിശേഷിപ്പിക്കാൻ ആഗ്രഹിച്ചത്. അതുകൊണ്ടുതന്നെ ഗാന്ധി എല്ലാതരത്തിലുമുള്ള വർഗീയതകൾക്ക് എതിരായിരുന്നു. വർഗീയത മതത്തിനുതന്നെ എതിരാണ് എന്നദ്ദേഹം വിശ്വസിച്ചു. കാരണം വർഗീയത മതത്തിൽനിന്ന് അതിന്റെ ആത്മീയത പൂർണ്ണമായും ചോർത്തിക്കളയുകയും മതത്തെ ഒരു രാഷ്ട്രീയ ആയുധമായോ സാമ്പത്തിക ആയുധമായോ ഒക്കെ ഉപയോഗിക്കുകയും ചെയ്യുന്നു. എല്ലാ മതങ്ങൾക്കും അടിസ്ഥാനമായ ആധ്യാത്മിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഒരു നിലപാടാണ് ഗാന്ധി സ്വീകരിച്ചുപോന്നത്. ■

**നെടുമങ്ങാട് മഞ്ച ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ റേഡിയോ ബ്ളോഗിനുവേണ്ടി നല്കിയ പ്രഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ.**

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.01.2024**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS